VYAVASAYA KERALAM February 2018

# വ്യവസായ കേരളം

Volume 50 Issue 9




**മലബാർ ക്രാഫ്റ്റ്സ് മേള- 2018**

**വരുന്നു; പുതു അവസരങ്ങൾ തുറന്ന് കാർഷിക-ഭക്ഷ്യ പ്രദർശന മേള**

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഫെബ്രുവരി 2018 പുസ്തകം50 ലക്കം 9
February 2018 Volume 50 Issue 9

കവർസ്റ്റോറി

20 യന്ത്രങ്ങളുടെ വൈവിധ്യ കലവറയൊരുക്കി
**മെഷിനറി എക്സ്പോ കേരള 2018**
നിഷാന്ദ് എസ്.



36 **മലബാർ ക്രാഫ്റ്റ്സ് മേള– 2018**



06 **വരുന്നു; പുതു അവസരങ്ങൾ തുറന്ന് കാർഷിക–ഭക്ഷ്യ പ്രദർശന മേള**
ടി.എസ്. ചന്ദ്രൻ

10 **ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മാറ്റങ്ങളുമായി ബിസിനസ് രംഗം**
ലോറൻസ് മാത്യു

16 **യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പപ്പട നിർമാണം**
ബൈജു നെടുങ്കേരി

# മുഖക്കുറിപ്പ്

**ചീഫ് എഡിറ്റർ**
കെ.എൻ. സതീഷ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ (ഇൻചാർജ്)**
എസ്. നിഷാന്ദ്

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ**-
vyavasayakeralam@gmail.com
**വെബ്സൈറ്റ്**-
www.keralaindustry.org

പ്രതിനിധികൾ-
- **തിരുവനന്തപുരം** : രഞ്ജിത്. സി. ഒ
- **കൊല്ലം** : അബ്ദുൾ സലാം
- **പത്തനംതിട്ട**: സി.എം. ഷാജഹാൻ
- **ആലപ്പുഴ** : യു. അജിത്കുമാർ
- **കോട്ടയം** : ആർ. സുരേഷ്ബാബു
- **ഇടുക്കി** : ദീപ
- **എറണാകുളം** : ഇ.എം. നാസർ
- **തൃശൂർ** : കെ.എസ്. കൃപകുമാർ
- **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ
- **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : പി.ബി. സത്യജിത്
- **കണ്ണൂർ** : നിധിൻ ഇ.ആർ.
- **കാസർഗോഡ്** : റ്റി. ദിനേശൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഷബീർ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
സജീർ എസ്., നിഷ,
വിപിൻ വി.എസ്.,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

## മെഷിനറി എക്സ്പോ കേരള 2018

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളും നവീനയന്ത്രങ്ങളുടെ കടന്നു വരവുമാണ് ഇന്ന് വ്യവസായമേഖലയിലുള്ളത്. കാലഘട്ടത്തിനനുസരിച്ച് അനുയോജ്യമായ മാറ്റങ്ങൾ വരുത്തി മുന്നേറുന്ന സംരംഭകർക്ക് മാത്രമാണ് ഇക്കാലത്ത് നിലനിൽക്കാൻ കഴിയുന്നത്. കാലഹരണപ്പെട്ട സാങ്കേതിക വിദ്യയിലും യന്ത്രസാമഗ്രികളിലുമൂന്നിയ സംരംഭങ്ങൾ ആരംഭിക്കുന്നതും ആത്മഹത്യാപരമാണ്. ലോകമെമ്പാടുമുള്ള ഈ മേഖലയിലെ മാറ്റങ്ങൾ നമ്മുടെ വ്യവസായ സമൂഹത്തിലേക്കെത്തിക്കേണ്ടത് ഒരു സഹായക സേവന ദാതാവായി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിന്റെ കടമയും ചുമതലയുമാണ്. പുതുപുത്തൻ സാങ്കേതികവിദ്യകളും നവീന യന്ത്രങ്ങളുടെ വിവരങ്ങളും സംസ്ഥാനത്തെ നിലവിലുള്ള വ്യവസായികളിലേയ്ക്കും നവസംരംഭകരിലേയ്ക്കും എത്തിക്കുവാനായി വ്യവസായ വകുപ്പ് സംഘടിപ്പിച്ച മെഷിനറി എക്സ്പോ കേരള 2018 വൻജനപങ്കാളിത്തവും പൊതുസ്വീകാര്യതയും കൊണ്ട് മികച്ച് നിന്നത് വളരെയധികം ആത്മവിശ്വാസം പകരുന്നു.

2016-ൽ ആദ്യ പതിപ്പായി സംഘടിപ്പിച്ച യന്ത്രപ്രദർശനമേളയുടെ കൊച്ചിയിൽ നടന്ന രണ്ടാം പതിപ്പിന് ആദ്യ പതിപ്പിനേക്കാൾ മൂന്നിരട്ടിയോളം സന്ദർശകരുടെ പിൻബലമുണ്ടായിരുന്നു. കാർഷികാധിഷ്ഠിത- ഭക്ഷ്യസംസ്കരണം, ജനറൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ- ഇലക്ട്രോണിക്സ്, പാക്കേജിംഗ്, വസ്ത്രനിർമാണം തുടങ്ങി ഒൻപതോളം മേഖലകളിൽ നിന്നുള്ള വൈവിധ്യമാർന്ന യന്ത്രക്കലവറ മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു. കൂടാതെ വിവിധ മേഖലകളിൽ നിന്നുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കിയിരുന്നു. 134 സ്റ്റാളുകളിലായി പ്രദർശിപ്പിച്ച യന്ത്ര വൈവിധ്യങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും മേളയിൽ നിന്ന് 25 കോടിയോളം രൂപയുടെ നേരിട്ടുള്ള ബിസിനസും ഭാവി വാഗ്ദാനങ്ങൾ ഉൾപ്പെടെ 50 കോടിയിലധികം രൂപയുടെ കച്ചവട സാധ്യതകളുമാണ് തുറന്ന് നൽകിയത്. കാലികപ്രസക്തിയുള്ള മാലിന്യ സംസ്കരണ മേഖലയിലും അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഭക്ഷ്യ സംസ്കരണ മേഖലയിലും അതിനൂതനമായ ഒട്ടനവധി സാധ്യതകൾ സന്ദർശകരിലേയ്ക്കെത്തിക്കാനായി എന്നത് വലിയ നേട്ടമാണ്.



യന്ത്രപ്രദർശന മേളയോടൊപ്പം പുതുവർഷത്തിന്റെ ആരംഭത്തിൽ അതിവിപുലമായ രീതിയിൽ വിജയകരമായി സംഘടിപ്പിച്ച മലബാർ ക്രാഫ്റ്റ്സ് മേള പരമ്പരാഗത മേഖലയിലെ കരകൗശല തൊഴിലാളികൾക്ക് പകർന്ന് നൽകിയ ആത്മവിശ്വാസം അളവറ്റതാണ്. കരകൗശല മേഖലയിലെ രാജ്യമെമ്പാടുമുള്ള വൈവിധ്യങ്ങളും നവീന സാങ്കേതിക വിദ്യകളും തദ്ദേശീയ തൊഴിലാളികളിലേയ്ക്ക് എത്തിക്കുന്നതോടൊപ്പം 4.25 കോടി രൂപയുടെ വിൽപനയും അവർക്ക് നേടിക്കൊടുക്കുവാൻ ക്രാഫ്റ്റ്സ് മേളയ്ക്കായി. വകുപ്പിന്റെ ഇടപെടലുകൾ ആവശ്യമുള്ളിടത്തെല്ലാം ക്രിയാത്മകമായി ഇത്തരത്തിൽ പ്രവർത്തിക്കുന്നതിലൂടെ പുത്തൻ വ്യവസായ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും ഒരുപോലെ ഉണർവ് നൽകുവാനാകുമെന്നാണ് വകുപ്പ് തെളിയിക്കുന്നത്.

ചീഫ് എഡിറ്റർ

# വ്യവസായമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകി യന്ത്രപ്രദർശനമേളയും മലബാർ ക്രാഫ്റ്റ്സ് മേളയും

സംസ്ഥാനത്തിന്റെ വ്യവസായ മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്ന ഒരുപിടി പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ നടത്തുവാൻ കഴിഞ്ഞുവെന്നത് വലിയ ചാരിതാർത്ഥ്യം നൽകുന്നുണ്ട്. ഒരു പുതിയ വ്യവസായം യാഥാർത്ഥ്യമാക്കുന്നതിന് നേരിടേണ്ടി വരുന്ന തടസ്സങ്ങൾ നീക്കുന്നതിനായി കൊണ്ടുവന്ന ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് കേരളത്തിലെ നവസംരംഭകർക്കും നിലവിൽ സംരംഭം നടത്തിക്കൊണ്ട് വരുന്നവർക്കും അളവറ്റ ഊർജമാണ് ഇതിനോടകം നൽകിയിരിക്കുന്നത്. വ്യവസായ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുള്ള പുതിയ നയം ഉടൻ പ്രഖ്യാപിക്കുവാൻ ഇരിക്കുകയാണ്. നയത്തിന്റെ ഭാഗമായി പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭകർക്ക് ഇ. എസ്. ഐയുടെയും ഇ. പി. എഫിന്റെയും തൊഴിൽ ദാതാവിന്റെ വിഹിതം സർക്കാർ വഹിക്കുന്ന പുതിയ പദ്ധതി, നാനോ വ്യവസായങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന പുതിയ പദ്ധതി എന്നിവ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും വേണ്ട ഫലപ്രാപ്തി കൈവരിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് പുതുവർഷാദ്യം നടത്തിയ യന്ത്രപ്രദർശനമേളയ്ക്കും മലബാർ ക്രാഫ്റ്റ്സ് മേളയ്ക്കും വ്യവസായ സമൂഹത്തിൽ നിന്ന് ലഭിച്ച അഭൂതപൂർവമായ പിന്തുണ.



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

വ്യവസായ വകുപ്പ് സംഘടിപ്പിച്ച യന്ത്രപ്രദർശന മേള സംരംഭകരുടെയും സന്ദർശകരുടെയും മികച്ച പങ്കാളിത്തത്തിനാൽ ശ്രദ്ധേയമായത് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വലിയ പ്രചോദനം നൽകുന്നുണ്ട്. മികച്ച പ്രവർത്തനങ്ങൾ നടത്തിയാൽ എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടെങ്കിലും വ്യവസായമേഖലയെ കൈപിടിച്ചുയർത്താനാകുമെന്ന് മേള കാട്ടിത്തന്നു. പുതിയതായി വ്യവസായ സംരംഭകരാകാൻ ചെറുപ്പക്കാർ വിമുഖത കാണിക്കുന്നു എന്ന് ഒരു വിഭാഗം പറയുമ്പോളാണ് നാല് ദിവസം നീണ്ടുനിന്ന യന്ത്രപ്രദർശനമേളയിലേയ്ക്ക് നമ്മുടെ നാട്ടിലെ നാൽപതിനായിരത്തോളം വരുന്ന ജനത സന്ദർശകരായെത്തിയത് എന്നോർക്കണം. വ്യവസായരംഗത്തെ നവീന സാങ്കേതിക വിദ്യകൾ, പുത്തൻ സാധ്യതകൾ എന്നിവ ഫലപ്രദമായി ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞാൽ അഭ്യസ്തവിദ്യരായ ഒരു സമൂഹത്തിന് സംരംഭകത്വത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാതിരിക്കാൻ കഴിയില്ല. നിലവിലെ സംരംഭകരേയും ദിനംപ്രതി മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് അതിജീവനം നടത്തി കൂടെക്കൂട്ടുവാൻ ഇത്തരം മേളകൾ മുതൽക്കൂട്ടാണ്.

വ്യവസായ മേഖലയിലെ പുതിയ ചലനങ്ങൾക്കനുസരിച്ച് നയങ്ങൾ രൂപപ്പെടുത്തി മുന്നേറുന്നതോടൊപ്പം പരമ്പരാഗത തൊഴിൽ മേഖലകളെ കൂടെ നിർത്തുക എന്നത് കൂടിയാണ് ഈ സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ആ ലക്ഷ്യത്തിനുള്ള ഊർജസ്വലമായ ചുവടു വയ്പായിരുന്നു മലബാർ ക്രാഫ്റ്റ്സ് മേള. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ദരെ മേളയിലെത്തിച്ച് അവരുടെ അനുഭവജ്ഞാനവും അറിവും തദ്ദേശീയരായ നമ്മുടെ കരകൗശല വിദഗ്ദരിലേയ്ക്ക് കൈമാറ്റം ചെയ്യുക എന്നതായിരുന്നു ക്രാഫ്റ്റ്സ് മേളയുടെ പ്രാഥമിക ലക്ഷ്യം. അതോടൊപ്പം നമ്മുടെ വിദഗ്ദതൊഴിലാളികൾക്ക് അവരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനും മേള വഴിയൊരുക്കി. 249 കരകൗശല വിദഗ്ദർ പങ്കെടുത്ത മേളയിൽ 4.25 കോടിയിലധികം രൂപയുടെ വിപണനമാണ് സാധ്യമായത്. ഇത്തരം മേളകളും പുതിയ പദ്ധതികളും പ്രതീക്ഷകൾക്കപ്പുറത്ത് വിജയം കാണുന്നുവെന്നത് വരും കാലങ്ങളിൽ കേരളത്തിന്റെ വ്യവസായ മേഖലയിലുണ്ടാകുമെന്നുറപ്പുള്ള വൻപുരോഗതിക്കാണ് അടിവരയിടുന്നത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യപൂർത്തീകരണത്തിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

ടി.എസ്. ചന്ദ്രൻ



# വരുന്നു;
# പുതു അവസരങ്ങൾ തുറന്ന്
# കാർഷിക-ഭക്ഷ്യ പ്രദർശന മേള

കേരളത്തിലെ വ്യവസായ പുരോഗതിക്ക് ആക്കം കൂട്ടിക്കൊണ്ട് കാർഷിക ഭക്ഷ്യ സംസ്കരണ ഉല്പന്ന പ്രദർശന മേള 2018 മാർച്ച് മാസത്തിൽ നടക്കും. കേരളത്തിന്റെ സാംസ്കാരിക നഗരിയായ തൃശൂരാണ് ഇതിന് വേദി ഒരുങ്ങിയിരിക്കുന്നത്. തേക്കിൻകാട് മൈതാനിയിലെ വിദ്യാർത്ഥി കോർണറിലാണ് പ്രദർശനം. കേരളത്തിന്റെ കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടായിരിക്കും ഇത്. വൈവിധ്യമാർന്ന പാചകം ചെയ്യാൻ തയ്യാർ വിഭവങ്ങളും, തിന്നാൻ തയ്യാർ വിഭവങ്ങളും മേളയിൽ ഉണ്ടാകും. നിരവധി അത്യാകർഷകമായ വ്യവസായ പ്രോത്സാഹന പരിപാടികളും മേളയോട് അനുബന്ധിച്ച് നടത്തുവാൻ ഉപയോഗിക്കുന്നു.

## ബി 2 ബി

തൃശൂരിൽ നടക്കുന്ന കാർഷിക- ഭക്ഷ്യ സംസ്കരണ ഉല്പന്ന പ്രദർശന മേളയുടെ പ്രധാന ആകർഷണം ബി 2 ബി അതിനോടനുബന്ധിച്ച് നടക്കും എന്നതാണ്. കേരളത്തിനകത്തും പുറത്തും ഇത്തരം ഉല്പന്നങ്ങൾ വ്യാപാരം ചെയ്യുന്ന കോർപറേറ്റ് സ്ഥാപനങ്ങൾ ഇതിന്റെ ഭാഗമായി പ്രദർശന സ്റ്റാളുകളിൽ എത്തും. സ്വദേശത്തും വിദേശത്തുമുള്ള വ്യാപാരസാധ്യതകൾ സംരംഭകർക്ക് തുറന്ന് നൽകും. സൂപ്പർ മാർക്കറ്റ് ശൃംഖലകൾ നടത്തുന്ന വ്യാപാര സ്ഥാപന തലവന്മാരും, കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സ്ഥാപന ഉടമകളും ബി 2 ബി യിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി മേളയിൽ പ്രത്യേക സമയം തന്നെ മാറ്റിവയ്ക്കും. ആ സമയത്ത്

KERALA
AGRO FOOD PRO
2018

പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടാകില്ല. ഭക്ഷ്യ എണ്ണകൾ, ഫുഡ് സപ്ലിമെന്റുകൾ, സുഗന്ധ വ്യഞ്ജന ഉല്പന്നങ്ങൾ, ചക്ക ഉല്പന്നങ്ങൾ, ജൈവ പാക്കേജിംഗ്, ജൈവ അരി, ഉണക്കിയ പഴങ്ങൾ, നാളികേര ഉല്പന്നങ്ങൾ, തനത് സ്ക്വാഷ്, ജാം ഉല്പന്നങ്ങൾ, മുളപ്പിച്ച ധാന്യങ്ങളിൽ നിന്നുള്ള നിരവധി നൂതന ഉല്പന്നങ്ങൾ എന്നിവയ്ക്കെല്ലാം ബിസിനസ്സ് മീറ്റ് ഏറെ പ്രയോജനം ചെയ്യും.

## പ്രദർശനവും വില്പനയും

ഭക്ഷ്യ പ്രദർശനവും വില്പനയുമാണ് പ്രധാന പരിപാടി. വൈവിധ്യവും, നൂതനവുമായ സംരംഭങ്ങൾ തങ്ങളുടെ കാർഷിക ഭക്ഷ്യ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കും. പൊതുജനങ്ങൾക്ക് വാങ്ങുവാൻ സൗകര്യം ഉണ്ടാകും. 100-ൽ പരം സ്റ്റാളുകൾ ഇതിനായി ഒരുക്കും. വളരെ കുറഞ്ഞ ചെലവിൽതന്നെ വ്യവസായികൾക്ക് സ്റ്റാളുകൾ ഉറപ്പാക്കുവാൻ കഴിയും. അതത് ജില്ലാ വ്യവസായകേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ്, ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ എന്നിവർ മുഖേന സ്റ്റാളുകൾ മുൻകൂട്ടി ബുക്ക് ചെയ്യുവാൻ കഴിയും. പാരമ്പര്യത്തനിമയും, ആധുനിക സാങ്കേതിക വിദ്യയും ചേർന്നുള്ള ഉല്പന്നങ്ങളുടെ നിർമാണ പ്രദർശനവും മേളയിൽ ഉണ്ടായിരിക്കുന്ന കാര്യങ്ങളാണ്.

**അതത് ജില്ലാ വ്യവസായകേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ്, ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ എന്നിവർ മുഖേന സ്റ്റാളുകൾ മുൻകൂട്ടി ബുക്ക് ചെയ്യുവാൻ കഴിയും.**

## നാനോ സംരംഭങ്ങൾക്ക് പ്രത്യേക സ്റ്റാളുകൾ

ഇതാദ്യമായി അതിസൂക്ഷ്മ സംരംഭങ്ങൾ ആയി വിശേഷിപ്പിക്കുന്ന നാനോ സംരംഭങ്ങൾക്ക് പ്രദർശനത്തിന് പ്രത്യേക സ്റ്റാളുകൾ ഒരുങ്ങുന്നു. മൊത്തം സ്റ്റാളുകളിൽ 25% എങ്കിലും നാനോ സംരംഭങ്ങൾക്കായി മാറ്റി വയ്ക്കുകയാണ് പരിപാടി. 5 ലക്ഷം രൂപയിൽ താഴെ മുതൽമുടക്കി വീടുകളിലോ, വീടുകളോട് ചേർന്നുള്ള ഷെഡ്ഡുകളിലോ നടത്തുന്ന ലഘു സംരംഭങ്ങളാണ് നാനോ സംരംഭങ്ങൾ എന്ന വിശേഷണത്തിൽ വരുന്നത്.



അത്തരം സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പലപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ഇല്ലാതെയായിരിക്കും നാനോ സംരംഭങ്ങൾ പ്രവർത്തിക്കുക. ഇക്കാരണത്താൽ യാതൊരു ആനുകൂല്യവും ഈ ലഘുസംരംഭമേഖലയ്ക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഏറെ തൊഴിൽ അവസരങ്ങൾ ഇത്തരം സംരംഭങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. വീട്ടമ്മമാരാകും പലപ്പോഴും ഇത്തരം മേഖലയിൽ ഉണ്ടാകുക. കേരളത്തിൽ നാനോ കുടുംബ സംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന ശ്രദ്ധേയമായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. മെഷിനറികൾ ഉപയോഗിക്കാതെ ചെയ്യുന്ന പ്രവൃത്തികളാണ് മിക്കവാറും നാനോ മേഖലയിലുള്ളത്. കൈകൊണ്ട് നിർമിക്കുന്ന ഉല്പന്നങ്ങൾക്ക് വിദേശ കമ്പോളത്തിൽ വലിയ സാധ്യതകളുണ്ട് എന്നതും തിരിച്ചറിയേണ്ടതാണ്.

നാനോ സംരംഭങ്ങൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ നൽകാനുള്ള സർക്കാർ തീരുമാനം ഈ രംഗത്ത് പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. അവർ എടുക്കുന്ന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുവാനാണ് സർക്കാർ പദ്ധതി. സാധാരണ സംരംഭകർക്ക് 6 % വാർഷിക പലിശയും, വനിതകൾ പട്ടികജാതി/ വർഗ സംരംഭകർക്ക് 8% പലിശയും തിരികെ നൽകാൻ സർക്കാർ വലിയ തുക ഈ വർഷത്തെ ബഡ്ജറ്റിൽ തന്നെ മാറ്റിവച്ചിട്ടുണ്ട്.

## സാങ്കേതിക വിദ്യ കൈമാറൽ

മേളയുടെ വലിയ ആകർഷകത്വം സാങ്കേതിക വിദ്യയുടെ വ്യാപനമാണ്. അപൂർവമായി ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്തുവാൻ നൂതനമായ സാങ്കേതികവിദ്യകൾ അറിയേണ്ടതുണ്ട്. കാർഷിക സർവകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, ഫുഡ് റിസർച്ച് സെന്ററുകൾ,

പാക്കേജിംഗ് ടെക്നിക്കൽ സ്ഥാപനങ്ങൾ, ക്വാളിറ്റി സർട്ടിഫിക്കേഷൻ ഏജൻസികൾ തുടങ്ങി നിരവധിയായ സാങ്കേതിക വിദ്യാസ്ഥാപനങ്ങളും മേളയിൽ ഉണ്ടാകും. ഈ രംഗത്തെ ശ്രദ്ധേയമായ മെഷിനറി ഉല്പാദകരും മേളയുടെ ഭാഗമാകുന്നതോടെ വ്യവസായ സമൂഹത്തിനും, പുതു സംരംഭകർക്കും/ സ്റ്റാർട്ട് അപ്പുകൾക്കും മേള വലിയ തോതിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഫിഷറീസ്, ആയുർവേദം, റബ്ബർ, നാളികേരം, കിഴങ്ങുവിള തുടങ്ങിയ മേഖലകളിലെ റിസർച്ച് സ്ഥാപനങ്ങളും മേളയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആധുനിക ഉല്പന്ന നിർമാണ– വിതരണ രംഗത്തെ ഈ മേഖലയിലെ ഗവേഷണങ്ങളും പൊതുജനങ്ങൾക്ക് പ്രയോജനകരമാകും.

## ആകർഷകങ്ങളായ പരിപാടികൾ

മേളയെ ആകർഷകമാക്കുന്നതിന് മറ്റ് നിരവധിയായ പരിപാടികളും സംഘാടകസമിതി തീരുമാനിച്ചിരിക്കുന്നു. സാംസ്കാരിക പരിപാടികൾ, ഉല്പന്ന നിർമാണ തത്സമയ പ്രദർശനങ്ങൾ/ മത്സരങ്ങൾ, വിദ്യാർത്ഥി സംരംഭകർക്കായുള്ള പ്രത്യേക സെമിനാറുകൾ, ടെക്നോക്രാറ്റ് സംരംഭകർക്കായുള്ള പ്രത്യേക സംരംഭ വികസന ക്ലാസുകൾ എന്നിവയും മേളയെ ആകർഷകമാക്കും.

സൂക്ഷ്മ ചെറുകിട വ്യവസായ രംഗത്തേയ്ക്ക് കൂടുതൽ പേർ കടന്നു വരുന്നതിന് അനുകൂലമായ ഒരു സാഹചര്യം ഇപ്പോളുണ്ട്. ലൈസൻസിംഗ് സംവിധാനങ്ങൾ ഉദാരമാക്കിക്കൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു. 30 ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുത്ത് സംരംഭകരെ അറിയിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. അതുപോലെ തന്നെ ലൈസൻസിന്റെ കാലാവധി അഞ്ച് വർഷമായും പുതുക്കി നിശ്ചയിക്കുന്നു. സംരംഭകർക്ക് ഏറെ ആശ്വാസം പകരുന്ന നിരവധി ഘടകങ്ങളും പുതിയ ഓർഡിനൻസിലുണ്ട്. പൊതുവെ സംരംഭരംഗത്ത് വലിയ മുന്നേറ്റം നടത്തുവാൻ അനുകൂലമായ സാഹചര്യമാണ് ഉള്ളത്.

ഈ അനുകൂല സാഹചര്യം നിലനിൽക്കെയാണ് കാർഷിക ഭക്ഷ്യ സംസ്കരണ രംഗത്ത് ശ്രദ്ധേയമായ രീതിയിൽ ഒരു പ്രദർശനത്തിന് തൃശൂർ ഒരുങ്ങുന്നത്. സൂക്ഷ്മ ചെറുകിട സംരംഭ മേഖലയിൽ ഏറ്റവും സാധ്യതയുള്ള ഒന്നാണ് കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായം. കുറഞ്ഞ മുതൽമുടക്കിലും, വലിയ ലാഭത്തിലും ഈ രംഗത്ത് സംരംഭങ്ങൾ തുടങ്ങാനും നടത്താനും കഴിയും. ആ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്ന ഈ മേള മാർച്ച് 10 മുതൽ 15 വരെയാണ് നടക്കുക. പ്രദർശനം/ വില്പന, ബിസിനസ് മീറ്റ്, സാങ്കേതിക വിദ്യാ വ്യാപനം, ഗവേഷണ സ്ഥാപന പങ്കാളിത്തം, സാംസ്കാരിക വിനിമയ പരിപാടികൾ, തത്സമയ ഉല്പന്ന നിർമാണ പ്രദർശന വില്പന എന്നിങ്ങനെ ശ്രദ്ധേയമായ ഒന്നായിരിക്കും പ്രസ്തുത മേള.



# ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മാറ്റങ്ങളുമായി ബിസിനസ് രംഗം

മാറുകയാണ് ബിസിനസ് ലോകമാകെ. സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം അത്രകണ്ട് മുന്നോട്ടു പോയിരിക്കുന്നു. മാറുന്ന സാങ്കേതിക വിദ്യകൾക്കൊപ്പം ചുവട് വെക്കാത്ത ബിസിനസ്സുകൾക്ക് അനതി

**മാറുന്ന ബിസിനസ്സ് ലോകത്ത് സാങ്കേതിക വിദ്യകൾക്കൊപ്പം ചുവടു വെയ്ക്കാത്ത ബിസിനസ്സ് മോഡലുകൾ പിന്തള്ളപ്പെടുമെന്നതിന് പക്ഷാന്തരമില്ല. ടെക്നിക്കൽ കൺസൽട്ടൻസിയായ ഇന്റർനാഷണൽ ഡേറ്റാ കോർപറേഷന്റെ കണക്കനുസരിച്ച് 2020 ആകുമ്പോഴേക്കും ഇപ്പോൾ ബിസിനസ് തലപ്പത്തുള്ള ഒരു പിടി കമ്പനികൾ അടച്ച് പൂട്ടലിന്റെ വക്കത്തെത്തുമെന്ന് പ്രവചിക്കപ്പെടുന്നു.**

വിദൂരഭാവിയിൽ നിലനിൽപില്ലായെന്ന് വരും എന്നതിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ബിസിനസ് രംഗത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യകൾ വരുത്തിയ മാറ്റങ്ങൾ ചെറുതല്ല. ഇത് കേവലം ഇ- മെയിലിലോ വാട്സ് ആപ്പ് പോലുള്ള മെസേജിങ് ആപ്ലിക്കേഷനിലോ ഒതുങ്ങി നിൽക്കുന്നതല്ലായെന്നതാണ് വസ്തുത. ഇന്നിപ്പോൾ നാം എത്തി നിൽക്കുന്നത് ഇന്റർനെറ്റ് ഓഫ് തിങ്സ് എന്ന മായിക പ്രപഞ്ചത്തിലാണ്. സർവം ഡിജിറ്റൽ മയം. ഭാവിയിൽ ബിസിനസിന്റെ ജയപരാജയങ്ങൾ പോലും ഡിജിറ്റൽ വേൾഡിലെ മുന്നേറ്റങ്ങളെ ആശ്രയിച്ചാണിരിക്കുന്നത് എന്നു പറഞ്ഞാലത് ഒട്ടും അതിശയോക്തിയല്ലായെന്നാണ് വർത്തമാനകാല സാങ്കേതിക മുന്നേറ്റങ്ങൾ നമുക്ക് കാട്ടിത്തരുന്നത്.

ആയതിനാൽത്തന്നെ മാറുന്ന ബിസിനസ്സ് ലോകത്ത് സാങ്കേതിക വിദ്യകൾക്കൊപ്പം ചുവടു വെയ്ക്കാത്ത ബിസിനസ്സ് മോഡലുകൾ പിന്തള്ളപ്പെടുമെന്നതിന് പക്ഷാന്തരമില്ല. ടെക്നിക്കൽ കൺസൽട്ടൻസിയായ ഇന്റർനാഷണൽ ഡേറ്റാ കോർപറേഷന്റെ കണക്കനുസരിച്ച് 2020 ആകുമ്പോഴേക്കും ഇപ്പോൾ ബിസിനസ് തലപ്പത്തുള്ള ഒരു പിടി കമ്പനികൾ അടച്ച് പൂട്ടലിന്റെ


വക്കത്തെത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇതാണ് ബിസിനസ്സ് രംഗം നേരിടുന്ന ഇപ്പോഴത്തെ പ്രധാന പ്രശ്നം. അതിനുള്ള പരിഹാരമാണ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ. ബിസിനസ് രംഗത്ത് ഇതിനെ ഡിജിറ്റൽ ബിസിനസ് ട്രാൻസ്ഫർമേഷൻ എന്നു പറയുന്നു.


ബിസിനസ് ലോകത്ത് കസ്റ്റമറാണ് രാജാവ്. ആയതിനാൽത്തന്നെ ആധുനിക കസ്റ്റമറെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത എല്ലാ ബിസിനസ് മോഡലുകളും പരാജയമായിരിക്കുമെന്നത് പകൽപോലെ വ്യക്തമാണ്. കാരണം ഈ അത്യന്താധുനിക കാലഘട്ടത്തിൽ ഇന്റർനെറ്റ് വഴി ആവശ്യമുള്ളവ വിരൽത്തുമ്പിൽ ലഭ്യമായിരിക്കുമ്പോൾ കസ്റ്റമർ വച്ചുപുലർത്തുന്ന പ്രതീക്ഷകൾ, മുൻഗണനകൾ, അനുഭൂതികൾ ഇവയെക്കുറിച്ചെല്ലാം പഠിച്ച് കസ്റ്റമർക്കെന്ത് നൽകുവാൻ കഴിയുമെന്ന വ്യക്തമായ ധാരണ ബിസിനസ് രംഗത്തുള്ളവർക്ക് ഉണ്ടായേ പറ്റൂ.

**ബിസിനസ് ലോകത്ത് കസ്റ്റമറാണ് രാജാവ്. ആയതിനാൽത്തന്നെ ആധുനിക കസ്റ്റമറെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത എല്ലാ ബിസിനസ് മോഡലുകളും പരാജയമായിരിക്കുമെന്നത് പകൽപോലെ വ്യക്തമാണ്.**

അതായത് ബിസിനസ് കസ്റ്റമർ ബന്ധം പുതിയൊരു തലത്തിലേക്കെത്തി നിൽക്കുകയാണിന്ന്.

അതിനാൽ ഈ നൂറ്റാണ്ടിൽ പുതിയൊരു ബിസിനസ് സംസ്കാരം കെട്ടിപ്പടുക്കുവാനും നിലനിർത്തുവാനും വിജയിക്കുവാനുമുള്ള ഒരു പോംവഴിയായി






കണ്ടെത്തുന്ന പ്രക്രിയയെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്നു പറയുന്നു.

## എന്താണ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ

നൂതനമായ ഡിജിറ്റൽ സാങ്കേതിക വിദ്യകൾ, ബിസിനസ് മോഡലുകൾ, ടൂളുകൾ ഇവയുടെയെല്ലാം ഉപയോഗത്തിലൂടെ ബിസിനസ്സിനാകമാനം പുതുജീവൻ നൽകി ബിസിനസ്സിനെ പുരോഗതിയിലേയ്ക്കെത്തിക്കുകയും ചെയ്യുന്നതോടൊപ്പം ഒരു കസ്റ്റമർ ആഗ്രഹിക്കുന്നതിലധികം യൂസർ എക്സ്പീരിയൻസ് നൽകുന്നതിനെയാണ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്ന് ചുരുക്കി പറയാം.

ഒരു ബിസിനസ് പ്രവർത്തനശൈലിയിൽ ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ മാറ്റങ്ങളുണ്ടാവുകയെന്നതാണ് ഇതുമൂലം ലക്ഷ്യമിടുന്നത്. ഇതിനായി മൊബൈൽ ടൂളുകൾ, സോഷ്യൽ മീഡിയ, ബിഗ് ഡേറ്റ, ഇന്റർനെറ്റ് ഓഫ് തിങ്സ് തുടങ്ങിയവയെല്ലാം ഉപയോഗിക്കുന്നു. ചുരുങ്ങിയ ചെലവിൽ മെച്ചപ്പെട്ട കാര്യക്ഷമതയും കൂടുതൽ ലാഭവും ആണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഒപ്പം മികച്ച കസ്റ്റമർ സർവീസും ലക്ഷ്യമിടുന്നുണ്ട്.

## 1. ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ ആർക്കുവേണ്ടി

ഈ ചോദ്യത്തിന്റെ പ്രധാനമായുള്ള ഉത്തരം കസ്റ്റമർക്ക് വേണ്ടിയെന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം ഓൺലൈൻ കമ്പനികളാണ്. 24 മണിക്കൂറും തുറന്നിരിക്കുന്ന ഷോപ്പുകളിൽ നിന്നും ക്യാഷ് ഓൺ ഡെലിവറിയോടെ സാധനങ്ങൾ വാങ്ങുവാൻ കഴിയുമെന്നതിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ഈ മാറ്റം ബിസിനസ്സുകാരനിലേക്കാളുപരി കസ്റ്റമർക്ക് വേണ്ടിയാണെന്നതാണ് വസ്തുത. നോട്ട്

നിരോധനം വന്നപ്പോൾ കാർഡ് സ്വൈപ്പിങ് മെഷീനുകൾ കൂടുതൽ സാധാരണമായി. അതില്ലാത്ത കടകളിൽ ബിസിനസ് കുറയുവാനും തുടങ്ങിയെന്നത് വസ്തുതയാണ്. അതിനാൽതന്നെ സാങ്കേതിക വിദ്യയുടെ ഈ പരിണാമം ബിസിനസുകാരനേക്കാളുപരി കസ്റ്റമർക്കാണ് സഹായകരമാവുക. കസ്റ്റമർ തങ്ങളുടെ അടുത്തേയ്ക്ക് വരട്ടെയെന്ന പഴയ പല്ലവിയിൽ നിന്നും കസ്റ്റമറുടെ അടുത്തേയ്ക്ക് പോകാം എന്നതാണ് ഈ മാറ്റത്തിന്റെ പ്രേരകശക്തി.

## 2. എവിടെയാണ് മാറ്റം വരേണ്ടത്

പ്രധാനമായും 7 കാറ്റഗറിയിലായാണ് ഒരു ബിസിനസ്സിൽ മാറ്റം വരേണ്ടത് എന്നാണ് ഗ്ലോബൽ സെന്റർ ഫോർ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പറയുന്നത്.

* ബിസിനസ് മോഡൽ (ബിസിനസിൽ പണം വരുന്നത് എവിടെ നിന്ന് എന്നത്)
* സ്ട്രക്ചർ (ഓർഗനൈസേഷൻ)
* വർക്ക്ഫോഴ്സ് (കമ്പനിയിലെ ഉദ്യോഗസ്ഥർ)
* പ്രോസസുകൾ (കമ്പനിയുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ)
* ഐ. ടി. കാര്യക്ഷമത (ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ)
* ഉൽപന്നത്തിൽ, സർവീസുകളിൽ
* ബിസിനസ് ബന്ധങ്ങളിൽ (കസ്റ്റമർ കെയർ, വിൽപനാനന്തര സർവീസുകൾ ഉൾപെടെ)

ഇത് ഓരോ കമ്പനിയിലും വ്യത്യസ്തമായിരിക്കും. തങ്ങൾക്ക് ആവശ്യമുള്ളവ മാത്രം പരിവർത്തനത്തിന് വിധേയമാക്കുകയെന്നതാണ് ഓരോ ബിസിനസുകാരനും ചെയ്യേണ്ടത്.

## 3. എങ്ങനെ ചെയ്യണം

കമ്പനിയുടെ എല്ലാ തലങ്ങളിലും പരിശോധിക്കുകയും ഇപ്പോഴുള്ള പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്ക് നവീകരണം ആവശ്യമുള്ളിടത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി മാറ്റങ്ങൾ മുൻഗണനാക്രമത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് വേണ്ടത്. ഇത് നമ്മൾ ചെയ്തില്ലായെങ്കിൽ സമാന കമ്പനികൾ അവ നടപ്പിലാക്കുമെന്ന് ഓർക്കേണ്ടതാണ്.

## ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്തിനു വേണ്ടി

ഈ ചോദ്യത്തിന് നിരവധി ഉത്തരങ്ങളുണ്ട്. എന്നിരുന്നാലും എടുത്ത് പറയേണ്ടയൊന്നാണ് ഡിജിറ്റൽ ഡിസ്റപ്ഷൻ എന്നത്. ഡിജിറ്റൽ ടെക്നോളജി മുഖാന്തിരം ഒരു വ്യക്തിക്കോ ബിസിനസ് സ്ഥാപനത്തിനോ ലക്ഷ്യത്തിലേയ്ക്കുള്ള മുന്നേറ്റത്തിന് സംഭവിക്കുന്ന ഭീഷണി, തടസ്സം മുതലായവയെ ഡിജിറ്റൽ ഡിസ്റപ്ഷൻ എന്നു പറയുന്നു. ഓൺലൈൻ ടാക്സിയായ യൂബർ പോലുള്ളവ വ്യാപകമായപ്പോൾ അത് സാധാരണ ടാക്സി ഡ്രൈവർമാർക്കേല്പിച്ച ആഘാതം ഇതിനുദാഹരണമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം മൂലം ഏതെങ്കിലും ബിസിനസ് രംഗത്ത് ഇപ്രകാരമുണ്ടാകുന്ന തടസ്സത്തെ ഡിജിറ്റൽ ഡിസ്റപ്ഷൻ എന്നു പറയുന്നു. പ്രധാനമായും ഡിജിറ്റൽ ഡിസ്റപ്ഷൻ മുഖാന്തിരം ബിസിനസിനുണ്ടാകുന്ന ആഘാതത്തിൽ നിന്നുമുള്ള സുരക്ഷയെന്ന നിലയിലാണ് ഒരു ബിസിനസ് സ്ഥാപനത്തിന് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ ആവശ്യമായി വരുന്നത്.

## ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എങ്ങനെ

മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഇത് നടപ്പിലാക്കുന്നത്

1. ഡിജിറ്റൈസേഷൻ

**കമ്പനിയുടെ എല്ലാ തലങ്ങളിലും പരിശോധിക്കുകയും ഇപ്പോഴുള്ള പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്ക് നവീകരണം ആവശ്യമുള്ളിടത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി മാറ്റങ്ങൾ മുൻഗണനാക്രമത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് വേണ്ടത്.**

**ഡിജിറ്റൈസേഷൻ, ഡിജിറ്റലൈസേഷൻ ഇവയുടെ ഫലമായി സ്വാഭാവികമായി എത്തിച്ചേരുന്നയൊന്നാണ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്നത്.**

2. ഡിജിറ്റലൈസേഷൻ
3. ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ

എന്നിവയാണീ മൂന്ന് ഘട്ടങ്ങൾ. അനലോഗ് ഡാറ്റകളെ (ടെക്സ്റ്റ്, ഇമേജ്, വീഡിയോ, ഓഡിയോ) എന്നിവയെ അനുയോജ്യമായ ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറ്റുക എന്നതാണ് ഇത് അർത്ഥമാക്കുന്നത്. ഒരു സംരംഭത്വത്തിന്റെ എല്ലാ രേഖകളും ഡിജിറ്റലാക്കി മാറ്റുന്നതാണ് ആദ്യഘട്ടം.

ഒരു ഇൻഡസ്ട്രിയിലുള്ള വിവിധ യൂണിറ്റുകൾ, ഡിപ്പാർട്ട്മെന്റുകൾ, സപ്ലൈ ചെയിനുകൾ, വാല്യു ചെയിനുകൾ, കസ്റ്റമർ എന്നിങ്ങനെയുള്ള എല്ലാ മേഖലകളേയും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സമന്വയിപ്പിക്കുക എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്.

ഡിജിറ്റൈസേഷൻ, ഡിജിറ്റലൈസേഷൻ ഇവയുടെ ഫലമായി സ്വാഭാവികമായി എത്തിച്ചേരുന്നയൊന്നാണ് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ എന്നത്. ഇതിന്റെ ഫലമായി ഒരു ബിസിനസിന്റെ നയപരവും നിയമപരവുമായ മേഖലകളിൽ മാത്രമല്ല പ്രോസസിലും കസ്റ്റമർ സർവീസിലും വരെ ആരോഗ്യകരമായ മാറ്റങ്ങൾ ഉണ്ടാകും.

## ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ ഇന്ത്യയിൽ

ബിസിനസിൽ ഈ മാറ്റത്തിന്റെ പാതയിൽ ഇന്ത്യയും മാറി നിൽക്കുന്നില്ലയെന്ന് മാത്രമല്ല 21 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ നിന്നും ഡിജിറ്റൽ ട്രാൻസ്ഫർമേഷനിൽ ഒന്നാം സ്ഥാനത്താണ് ഇന്ത്യ. സർവേയിൽ 14 മുഖ്യ പെർഫോർമൻസ് ഇൻഡിക്കേറ്ററുകളിലുണ്ടായ ബിസിനസ് ഇംപാക്ട് സ്കോർ (ബി. ഐ. എസ്) കാർഡിലാണ് ഇന്ത്യയ്ക്ക് ഒന്നാം സ്ഥാനം ലഭിച്ചത്.



## കേരളവും ഡിജിറ്റൽ ട്രാൻസ്ഫർമേഷനും

കേരളത്തിൽ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തിയ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡാണ് ഈ രംഗത്തേയ്ക്കുള്ള ശ്രദ്ധേയമായ കാൽവെപ്പ്. ഈ ഡേറ്റകളെല്ലാം ആധാർ കാർഡുമായി ലിങ്ക് ചെയ്ത് ബയോമെട്രിക് രേഖകളുൾപ്പെടെ ക്ലൗഡിലേയ്ക്ക് മാറ്റും. ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളും മുൻകാല ചികിത്സാ ഹിസ്റ്ററിയുമെല്ലാം രേഖപ്പെടുത്തി വച്ചിരിക്കുന്ന ഇത് ഭാവിയിൽ ഡൗൺലോഡ് ചെയ്തെടുക്കുവാൻ സാധിക്കും.

## എന്തെല്ലാം ഗുണങ്ങൾ

റീട്ടെയിൽ മേഖലകളിൽ ഈ രീതിക്ക് സാധ്യതയേറെയാണ്. ഇ- കൊമേഴ്സും, എം-കൊമേഴ്സിലുമെല്ലാം ഈ രീതിയിലുള്ള മാറ്റം വന്ന് കഴിഞ്ഞു. പേഴ്സണലൈസ്ഡ് കൊമേഴ്സ് ഈ മേഖലയിലെ ഭാവിവാഗ്ദാനമാണ്. പേ പാൽ, പേ ടി എം പോലുള്ള ഫിനാൻഷ്യൽ സർവീസ് കമ്പനികൾക്ക് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

ഇനിയുള്ള കാലഘട്ടത്തിൽ ബിസിനസ് സംരംഭങ്ങളെല്ലാം തന്നെ ഡിജിറ്റലൈസേഷനിലേയ്ക്ക് മാറുന്നില്ലായെങ്കിൽ അത് നിലനിൽപിനെ തന്നെ ബാധിക്കുമെന്ന് സുവ്യക്തമാണ്. കാരണം മാറുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഏറെ അവബോധമുള്ള കസ്റ്റമറാണിവിടെയുള്ളത്. സൂപ്പർ മാർക്കറ്റിലിരിക്കുന്ന ഉൽപന്നത്തിന്റെ ക്യു. ആർ. കോഡ് സ്കാൻ ചെയ്തിട്ട്

**കേരളത്തിൽ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തിയ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡാണ് ഈ രംഗത്തേയ്ക്കുള്ള ശ്രദ്ധേയമായ കാൽവെപ്പ്. ഈ ഡേറ്റകളെല്ലാം ആധാർ കാർഡുമായി ലിങ്ക് ചെയ്ത് ബയോമെട്രിക് രേഖകളുൾപ്പെടെ ക്ലൗഡിലേയ്ക്ക് മാറ്റും.**

അതിനിപ്പോൾ ഓൺലൈൻ സ്റ്റോറുകളിൽ എന്ത് വിലയെന്ന് അന്വേഷിക്കുന്ന ഉപഭോക്താവുള്ളപ്പോൾ മാറ്റങ്ങളോട് നാം മുഖം തിരിച്ച് നിൽക്കുന്നതിൽ അർത്ഥമില്ല.

ആയതിനാൽ ബിസിനസിന്റെ എല്ലാ മേഖലകളിലും നവജീവൻ പകരുവാനും കൂടുതൽ സംതൃപ്തരായ ഉപഭോക്താക്കളെ സൃഷ്ടിക്കുവാനും അനുയോജ്യവുമായ പുത്തൻ സാങ്കേതിക വിദ്യകളെ ബിസിനസിൽ പരീക്ഷിക്കുവാൻ, അർത്ഥ പൂർണമായ ബിസിനസ് മോഡലുകൾ രൂപപ്പെടുത്തുവാൻ ചെറുകിട സംരംഭകർക്കും കഴിയണം. കാരണം മാറുന്ന കാലഘട്ടത്തിൽ മുമ്പേ പറക്കുന്ന പക്ഷിയല്ലായെങ്കിൽ ഈ മത്സരത്തിന്റെ കാലഘട്ടത്തിൽ തളർന്ന് പോകുവാൻ സാധ്യതയേറെയാണ്.


*With Complement*

# V.G. Thilakan,
Vettiyattil House,
Kazhimbra P.O.

ബൈജു നെടുങ്കേരി

# യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പപ്പട നിർമാണം

കേരളത്തെ സംരംഭക സൗഹൃദമാക്കുകയാണ് പുതിയ വ്യവസായനയം. വ്യവസായ സംബന്ധിയായ നിയമങ്ങളിൽ സമഗ്രമായ മാറ്റത്തിന് വഴിവച്ചിരിക്കുന്നു. സംരംഭകനെ ശത്രുവായി കാണുന്ന സമീപനത്തിന് മാറ്റം വന്നു കഴിഞ്ഞു. ഗവൺമെന്റ് സംവിധാനങ്ങളും സമൂഹവും സംരംഭകന്റെ പ്രശ്നങ്ങളെ സഹാനുഭൂതിയോടെ വീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. സാമ്പത്തിക രംഗത്തും വിൽപനയിലും താൽകാലികമായ മാന്ദ്യം നിലനിൽക്കുന്നുണ്ടെങ്കിലും പുതിയ സംരംഭകർക്ക് അവസരങ്ങൾ ഇപ്പോഴും നിലവിലുണ്ട്. മനുഷ്യന്റെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയ ഭക്ഷ്യ ഉല്പന്നങ്ങളുടെ നിർമാണം നവസംരംഭകർക്ക് കടന്നു വരാനും എളുപ്പത്തിൽ വിജയം വരിക്കാനും കഴിയുന്ന മേഖലയാണ്. ഇത്തരത്തിൽ കുറഞ്ഞ മുതൽമുടക്കിൽ ഉല്പാദിപ്പിച്ച് വിതരണം നടത്താൻ കഴിയുന്ന ഒരു സംരംഭമാണ് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പപ്പട നിർമാണം.



## സാധ്യതകൾ

പപ്പട നിർമാണം മുമ്പ് ഒരു പാരമ്പര്യ തൊഴിലായിരുന്നു. എന്നാൽ ഇന്ന് യന്ത്രവത്കരണത്തിന്റെ ഭാഗമായി ധാരാളം സംരംഭകർ ഈ രംഗത്ത് വിജയം വരിച്ച് മുന്നേറുകയാണ്. കൈ തൊഴിലായി പപ്പട നിർമാണം നടത്തിയിരുന്നപ്പോൾ ഉല്പാദനത്തിനും



വിതരണത്തിനും പരിമിതികൾ ഉണ്ടായിരുന്നു. എന്നാൽ മാവ് കുഴയ്ക്കുന്നതിനും മാവ് പരത്തുന്നതിനും കട്ട് ചെയ്ത് ഉണക്കുന്നതിനുമെല്ലാം യന്ത്രങ്ങൾ ലഭ്യമായപ്പോൾ ഉല്പാദനത്തിലും വിതരണത്തിലും വലിയ പുരോഗതിയാണ് ഉണ്ടായത്. യന്ത്രവത്കൃത പപ്പട നിർമാണം നമ്മുടെ സംസ്ഥാനത്ത് വിജയകരമായി നടന്നുവരുന്ന ഒരു വ്യവസായ സംരംഭമാണ്. അഞ്ച് മുതൽ ഏഴ് ലക്ഷം രൂപ വരെ മുതൽമുടക്കി ആരംഭിക്കാവുന്ന പപ്പട നിർമാണം ഒരു സംരംഭക സൗഹൃദ വ്യവസായം കൂടിയാണ്. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനവും ആസ്വാദ്യകരമായ പപ്പടം നിർമിക്കുന്നതിനുള്ള കോമ്പിനേഷനും സ്വായത്തമാക്കിയാൽ ഈ വ്യവസായം വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. സാങ്കേതിക പരിജ്ഞാനം നേടിയ ജീവനക്കാർ ആവശ്യമില്ല എന്നതും ചുറ്റുവട്ടത്തുള്ള സ്ത്രീ തൊഴിലാളികളെ ഉപയോഗിച്ച് നിർമാണം നടത്താം എന്നുള്ളതും ഈ വ്യവസായത്തിന്റെ അനുകൂലഘടകങ്ങളാണ്. അസംസ്കൃത വസ്തുക്കൾ നമ്മുടെ നാട്ടിൽ തന്നെ ലഭ്യമാണ്. യന്ത്രവത്കൃത നിർമാണരീതി പിന്തുടർന്നാലും പായ്ക്ക് ചെയ്യുന്നതിന് മുമ്പ് പാരമ്പര്യ രീതിയിലുള്ള കൈപ്രയോഗം നടത്തുന്നത് പപ്പടത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കും. ഈ രംഗത്തെ കമ്പനികൾക്കെല്ലാം തന്നെ ആവശ്യമുള്ളത്ര ഓർഡർ നൽകാൻ കഴിയുന്നില്ല എന്നുള്ളത് ഈ വ്യവസായത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

## മാർക്കറ്റിംഗ്

പപ്പടം മലയാളിയുടെ ഭക്ഷണശീലത്തിന്റെ ഒരു ഭാഗമാണ്. പപ്പടം മാർക്കറ്റ് ചെയ്യുന്നതിന് വലിയ മാർക്കറ്റിംഗ് സംവിധാനങ്ങളൊന്നും ആവശ്യമില്ല. സൂപ്പർ മാർക്കറ്റുകളും ഹൈപ്പർ മാർക്കറ്റുകളും മുതൽ ചെറിയ കച്ചവട സ്ഥാപനങ്ങളിൽ വരെ വിറ്റഴിയുന്ന ഉല്പന്നമാണ് പപ്പടം. വിതരണക്കാരെ നിയമിച്ചും നേരിട്ടും വില്പന നടത്താം. ആകർഷകമായ മൾട്ടി ലെയർ പായ്ക്കുകളിലും ഒരു കിലോഗ്രാം, രണ്ട് കിലോഗ്രാം പായ്ക്കുകളിലും പപ്പടം വിൽപനയ്ക്കെത്തുന്നുണ്ട്.

## നിർമാണരീതി

പപ്പട നിർമാണത്തിൽ പാരമ്പര്യ കൂട്ടുകൾക്ക് വലിയ പ്രസക്തിയാണ്. മാവ് പാകപ്പെടുത്തിയെടുക്കുന്ന രീതിയാണ് രുചി പ്രധാനം ചെയ്യുന്ന മുഖ്യഘടകം. കൂടുതൽ ആസ്വാദ്യകരമായ രുചിക്കൂട്ട് പിന്തുടരുന്ന ഏതെങ്കിലും പപ്പട നിർമാണ വിദഗ്ധരുടെ കൂട്ടുകൾ പിന്തുടരുന്നത് ഈ വ്യവസായത്തിൽ നല്ലതായിരിക്കും.

പപ്പടം പല വലുപ്പത്തിൽ

നിർമിക്കാവുന്നതാണ്. ആനച്ചുവടൻ പപ്പടം മുതൽ കുട്ടിപപ്പടം വരെ ഉപഭോക്താക്കളുടെ താല്പര്യം അറിഞ്ഞാണ് നിർമാണം. സദ്യകൾക്കായി സ്പെഷ്യൽ പപ്പടങ്ങളും നിർമിക്കുന്നു.

ഉഴുന്ന്മാവ്, പപ്പടക്കാരം, ഉപ്പ് എന്നിവ വെള്ളം ചേർത്ത് കുഴച്ച് മിശ്രിതമാക്കി മാറ്റുന്നു. പിന്നീട് രണ്ടുവട്ടം എക്സ്ട്രൂഷൻ മെഷീനിലൂടെ കടത്തിവിട്ട് മാവ് മാർദ്ദവമുള്ളതാക്കി മാറ്റുന്നു. തുടർന്ന് പപ്പട മെഷീനിൽ പരത്തി റോട്ടറി ഡൈ ഉപയോഗിച്ച് കട്ട് ചെയ്തെടുക്കുന്ന പപ്പടം ഗുരുവായൂർ ശൈലിയിൽ കൈപ്രയോഗവും പൂർത്തിയാക്കി ഉണക്കിയെടുത്ത ശേഷം ഗുണമേന്മ നിലനിർത്തി ആവശ്യമുള്ള തൂക്കത്തിൽ പായ്ക്ക് ചെയ്ത് വില്പനയ്ക്ക് എത്തിക്കുന്നു.

## മൂലധന നിക്ഷേപം

| | |
|---|---|
| 1. മിക്സർ | 80,000 |
| 2. എക്സ്ട്രൂഷൻ മെഷീൻ | 85,000 |
| 3. പപ്പട മെഷീൻ | 3,85,000 |
| 4. പായ്ക്കിംഗ് മെഷീൻ | 30,000 |
| 5. അനുബന്ധ ഉപകരണങ്ങൾ | 50,000 |
| 6. പ്രവർത്തന മൂലധനം | 1,00,000 |
| **ആകെ** | **7,30,000** |

## വരവ്– ചെലവ് കണക്ക്

**(36 കിലോഗ്രാം പപ്പടം നിർമിക്കുന്നതിനുള്ള ചെലവ്)**

| | |
|---|---|
| 1. ഉഴുന്ന് | 30 |
| കിലോഗ്രാം * 70 | 2,100 |
| 2. പപ്പടക്കാരം | 1800 * 59 |
| | 106 |
| 3. ഉപ്പ് 1 കിലോഗ്രാം * 20 | 20 |
| 4. അനുബന്ധ ചേരുവകൾ | 20 |
| 5. പായ്ക്കിംഗ് മെറ്റീരിയൽസ് | 600 |
| 6. ജീവനക്കാരുടെ ശമ്പളം | 400 |
| 7. വൈദ്യുതി + അനുബന്ധ ചെലവുകൾ | 30 |
| ആകെ | 3276 |

## വരവ്

**(36 കിലോഗ്രാം പപ്പടം വില്പന നടത്തുമ്പോൾ ലഭിക്കുന്നത്)**

| | |
|---|---|
| 1. ഒരു കിലോഗ്രാം എം. ആർ. പി. | 250 |
| 2. 35% കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത് 162.50 | |
| 3. 36 കിലോഗ്രാം * 162.50 | 5850 |
| ലാഭം= 5840– 3276 | 2574 |

പ്രതിദിനം 100 കിലോ ഗ്രാം പപ്പടം ഉല്പാദിപ്പിച്ച് വിതരണം നടത്തിയാൽ ലഭിക്കുന്നത്
100 * 71.50= 7050

## ഓണം പപ്പടം


പിറവം കേന്ദ്രീകരിച്ച് പി. എൻ. തങ്കപ്പൻ തുടക്കമിട്ട പ്രസ്ഥാനമാണ് ഓണം പപ്പടം എന്ന പ്രസിദ്ധിയാർജ്ജിച്ച പപ്പട നിർമാണ യൂണിറ്റ്. കാംകോ ജീവനക്കാരനായിരുന്ന അദ്ദേഹം ജോലിയിലെ ഒഴിവ് സമയം പ്രയോജനപ്പെടുത്തി കുടുംബ സംരംഭമായി നടത്തിവന്നതാണ് പപ്പട നിർമാണ യൂണിറ്റ് ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം മുഴുവൻ സമയവും ഈ വ്യവസായത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മകൻ സിമിൽ, ഭാര്യ ശ്രീജു എന്നിവർ കൂടി ഒപ്പം ചേരുകയും ചെയ്തോടെ ഓണം പപ്പടം വിജയത്തിന്റെ പടവുകൾ ഓരോന്നായി ചവിട്ടിക്കയറി. നിലവിൽ കേരളത്തിൽ പ്രധാന കേന്ദ്രങ്ങളിലെല്ലാം വിതരണക്കാരുണ്ട്. പപ്പട നിർമാണ അസോസിയേഷന്റെ സംസ്ഥാന ട്രഷറർ കൂടിയാണ് സിമിൽ.

## ലൈസൻസുകൾ

ഭക്ഷ്യ സുരക്ഷ ലൈസൻസ്, ഉദ്യോഗ് ആധാർ, ജി. എസ്. ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സംരംഭകൻ നേടിയിരിക്കണം.

## വായ്പ, സബ്സിഡി

സർക്കാർ സ്കീമുകളിൽ ഈ വ്യവസായത്തിന് വായ്പ ലഭ്യമാണ്. മുദ്ര യോജന പോലുള്ള സ്കീമുകൾ ബാങ്കുകൾ മുഖേനയും ലഭിക്കും. വ്യവസായ വകുപ്പിൽ നിന്ന് മുതൽമുടക്കിന് ആനുപാതികമായി സബ്സിഡി ലഭിക്കും.





ASTUS REPROURPHICS PH

Kazhakuttom Jn.
Opp. Bus Stop

Kazhakuttom, TVPM

നിഷാന്ദ്. എസ്

**25 കോടിയോളം രൂപയുടെ നേരിട്ടുള്ള ഇടപാടുകളും അതിന്റെ പതിന്മടങ്ങ് ബിസിനസ് വാഗ്ദാനങ്ങളുമാണ് മേളയിൽ പങ്കെടുത്തവർക്ക് ലഭിച്ചത്.**




വ്യവസായ വകുപ്പ് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച യന്ത്ര പ്രദർശന മേള അഭൂതപൂർവമായ ജനപങ്കാളിത്തം കൊണ്ടും യന്ത്രവൈവിധ്യങ്ങൾ കൊണ്ടും ശ്രദ്ധേയമായി. 2016-ൽ സംഘടിപ്പിച്ച മേളയുടെ രണ്ടാം പതിപ്പിനാണ് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ട് സാക്ഷ്യം വഹിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ യന്ത്രോൽപന്ന നിർമാതാക്കളുടെയും വിതരണക്കാരുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഉൽപന്ന സേവനങ്ങൾ 134 സ്റ്റാളുകളിലായി ക്രമീകരിച്ചിരുന്നു. മേളയുടെ

## യന്ത്രങ്ങളുടെ വൈവിധ്യ കലവറയൊരുക്കി

# മെഷിനറി എക്സ്പോ കേരള 2018




വൻവിജയം വരും വർഷങ്ങളിലെ പ്രവർത്തനങ്ങൾക്ക് വലിയ ഊർജമാണ് വകുപ്പിന് സമ്മാനിച്ചത്. മേളയിൽ പങ്കെടുത്ത ഓരോ സ്ഥാപനങ്ങളും മനം നിറഞ്ഞ സംതൃപ്തിയോടെയാണ് കൊച്ചിയിൽ നിന്ന് വിട പറഞ്ഞത്. 25 കോടിയോളം രൂപയുടെ നേരിട്ടുള്ള ഇടപാടുകളും അതിന്റെ പതിന്മടങ്ങ് ബിസിനസ് വാഗ്ദാനങ്ങളുമാണ് മേളയിൽ പങ്കെടുത്തവർക്ക് ലഭിച്ചത്.

വൈവിധ്യവും കൗതുകവും നിറഞ്ഞ യന്ത്രങ്ങളുടെ വിപുലമായ ശേഖരമായിരുന്നു കൊച്ചിയിൽ സന്ദർശകരെ കാത്തിരുന്നത്. ചപ്പാത്തി മെഷീൻ, ലെമൺ കട്ടർ, ഗാർലിക് പീലർ, വെളിച്ചെണ്ണ സംസ്കരണ യന്ത്രം, മാവ് കുഴയ്ക്കുന്ന യന്ത്രം, പാഴ്വസ്തു സംസ്കരണ യന്ത്രം, സേഫ്റ്റി യന്ത്രങ്ങൾ, മാംഗോ ഷെക്കർ, ഇടിയപ്പം മേക്കർ, ബനാന കട്ടിംഗ് മെഷീൻ, ഹെവി ഡ്യൂട്ടി ബ്ലെൻഡർ, പോപ്കോൺ മെഷീൻ, ഗ്രേവി മെഷീൻ, കൊക്കോ മിൽക്കർ, നാനോ ഗ്രൈൻഡർ, ഡീസൽ ഓവൻ, കറവ യന്ത്രം, കോൾഡ് സ്റ്റോറേജ്, തേങ്ങാ ചുരണ്ടുന്ന മെഷീൻ, ഉരുളക്കിഴങ്ങ് ചോപ്പർ, റാപ്പിംഗ് മെഷീൻ, ഫോയിൽ സീലിംഗ് മെഷീൻ, കോഡിങ് യന്ത്രങ്ങൾ, വിവിധ തരം പാക്കിങ്

യന്ത്രങ്ങൾ, വെജിറ്റബിൾ കട്ടർ, തടിയധിഷ്ഠിത യന്ത്രങ്ങൾ, വസ്ത്ര നിർമാണത്തിലെ നൂതന യന്ത്രങ്ങൾ, ബേക്കറി യന്ത്രങ്ങൾ, ഡ്രൈയറുകൾ, ഡാറ്റ കാർഡ് പ്രിന്റർ, ജ്യൂസ് എക്സ്ട്രാക്റ്ററുകൾ തുടങ്ങിയ വൈവിധ്യമാർന്ന യന്ത്രശേഖരങ്ങളാണ് മേളയുടെ ഭാഗമായി ഒരുക്കിയിരുന്നത്. കൂടാതെ കേരള കാർഷിക സർവകലാശാല, കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രം, ഇന്ത്യൻ പ്ലൈവുഡ് റിസർച്ച് ഇൻഡസ്ട്രീസ് ആന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്റർ, തൃശൂർ എം. എസ്. എം. ഇ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി വിവിധ മേഖലയിലുള്ള ഗവേഷണ സ്ഥാപനങ്ങളും മേളയ്ക്ക് മിഴിവേകി.

### പുതിയ വ്യവസായ നയം ഉടൻ: മന്ത്രി

വ്യവസായ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വയ്ച്ചുള്ള പുതിയ വ്യവസായനയം ഉടൻ പ്രഖ്യാപിക്കുമെന്ന് മന്ത്രി എ. സി. മൊയ്തീൻ അറിയിച്ചു. യന്ത്രപ്രദർശന മേളയുടെ ഉദ്ഘാടനം വീഡിയോ കോൺഫറൻസ് വഴി നിർവഹിച്ച് സംസാരിക്കവെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. മുമ്പെങ്ങുമില്ലാത്ത വിധം പ്രവർത്തനങ്ങളാണ് നയരൂപീകരണത്തിനായി സർക്കാർ സ്വീകരിച്ചത്. സംസ്ഥാനത്തെ വ്യവസായികളുമായും അഭ്യുദയകാംക്ഷികളുമായും വിശദമായ ചർച്ചകൾ ഇതിനോടകം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ വ്യവസായ മേഖലയിൽ നിന്നുള്ള സമഗ്രമായ അഭിപ്രായ സ്വരൂപീകരണത്തിന് ശേഷമാണ് നയം പ്രഖ്യാപിക്കുവാൻ പോകുന്നത്.

നയത്തിന്റെ ഭാഗമായാണ് പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭകർക്ക് ഇ. എസ്. ഐയുടെയും ഇ. പി. എഫിന്റെയും നിശ്ചിത വിഹിതം സർക്കാർ നൽകുന്ന പദ്ധതിയും നാനോ



സംരംഭങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന പദ്ധതിയും പ്രഖ്യാപിച്ച് നടപ്പാക്കി വരുന്നത് എന്നും മന്ത്രി പറഞ്ഞു. മെഷിനറി എക്സ്പോയുടെ ഭാഗമായി പുറത്തിറക്കിയ പ്രദർശകരുടെ വിവരങ്ങൾ ഉൾപെടുത്തിയ ഡയറക്ടറി കൊച്ചി നഗരസഭാ ഡെപ്യൂട്ടി മേയർ ടി. ജെ. വിനോദ് പ്രകാശനം ചെയ്തു. പ്രൊ. കെ. വി. തോമസ് എം. പി. അദ്ധ്യക്ഷത വഹിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കെ. എൻ. സതീഷ്. ഐ. എ. എസ്, എം. എസ്. എം. ഇ. ഡി. ഐ ഡയറക്ടർ പി. വി. വേലായുധൻ, കെ. എസ്. എസ്. ഐ. എ സംസ്ഥാന പ്രസിഡന്റ് ദാമോദർ അവനൂർ, ഫിക്കി സംസ്ഥാന പ്രസിഡന്റ് ദീപക്. എൽ. അസ്വാനി, എൻ. എസ്. ഐ. സി. സി. ഇ. ഓ. ജോൺ ചാലക്കൽ, വ്യവസായ അഡീഷണൽ ഡയറക്ടർ എസ്. സുരേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

കാർഷികാധിഷ്ഠിത- ഭക്ഷ്യ സംസ്കരണം, വസ്ത്രനിർമാണം, ഇലക്ട്രിക്കൽ- ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ്, പാക്കേജിംഗ്, ഫാർമസ്യൂട്ടിക്കൽ- ആയുർവേദ- ഹെർബൽ, പ്രിന്റിംഗ്, തടിയധിഷ്ഠിതം, മറ്റുള്ളവ എന്നിങ്ങനെ വിവിധ മേഖല തിരിച്ചുള്ള യന്ത്രങ്ങളുടെ പ്രദർശനമാണ് യന്ത്രപ്രദർശനമേളയുടെ രണ്ടാം പതിപ്പിൽ ഒരുക്കിയത്. സംസ്ഥാനത്തെ തദ്ദേശീയരായ നവസംരംഭകർക്കും നിലവിൽ സംരംഭം നടത്തി വരുന്നവർക്കും വിവിധ മേഖലകളിലെ പുതിയ യന്ത്രസാമഗ്രികളെക്കുറിച്ച് മനസ്സിലാക്കുവാനും പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുന്നതിനുമുള്ള വേദിയാണ് ലഭിച്ചത്. വ്യവസായം നടത്തി വരുന്നവർക്ക് അവരുടെ സാധ്യതകൾക്കനുസരിച്ച് പുതിയ യന്ത്രസാമഗ്രികളിലേയ്ക്ക് മാറി വ്യവസായം വിപുലപ്പെടുത്തുന്നതിന് മേള അവസരമൊരുക്കി. മുൻവർഷത്തെ അപേക്ഷിച്ച് സന്ദർശകരുടെ എണ്ണത്തിൽ മൂന്നിരട്ടിയിലധികം വർദ്ധനവുണ്ടായി. സംസ്ഥാന സർക്കാർ




**കാർഷികാധിഷ്ഠിത- ഭക്ഷ്യ സംസ്കരണം, വസ്ത്രനിർമാണം, ഇലക്ട്രിക്കൽ- ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ്, പാക്കേജിംഗ്, ഫാർമസ്യൂട്ടിക്കൽ- ആയുർവേദ- ഹെർബൽ, പ്രിന്റിംഗ്, തടിയധിഷ്ഠിതം, മറ്റുള്ളവ എന്നിങ്ങനെ വിവിധ മേഖല തിരിച്ചുള്ള യന്ത്രങ്ങളുടെ പ്രദർശനമാണ് യന്ത്രപ്രദർശനമേളയുടെ രണ്ടാം പതിപ്പിൽ ഒരുക്കിയത്.**

## ആവി കൊണ്ട് കാർ കഴുകുന്ന യന്ത്രം പുതുമയുള്ള കാഴ്ചയായി

നൂതന സാങ്കേതിക വിദ്യയുടെ വിസ്മയകരമായ സമ്മേളനമായിരുന്നു കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മെഷിനറി എക്സ്പോ 2018 കേരള. പുതുമയുള്ളതും വിസ്മയം ജനിപ്പിക്കുന്നതുമായ നിരവധി നൂതന യന്ത്ര സാമഗ്രികൾ കേരളത്തിനകത്തു നിന്നും പുറത്തു നിന്നുമുള്ള സംരംഭകർ ഒരുക്കിയിരുന്നു. ജലക്ഷാമം രൂക്ഷമായി വരുന്ന ഈ സാഹചര്യത്തിൽ ആവി കൊണ്ട് കാർ കഴുകാൻ കഴിയുന്ന സാങ്കേതികവിദ്യ അവതരിപ്പിച്ച് കോഴിക്കോട് നിന്നുള്ള ഒറോറ സ്റ്റാർട്ട് അപ്പ് കമ്പനിയുടെ പ്രവർത്തകരായ എഞ്ചിനീയറിംഗ് ബിരുദ ധാരികൾ ശ്രദ്ധ നേടി. സാധാരണ കാർ കഴുകുന്നതിന് 100 മുതൽ 200 ലിറ്റർ വരെ വെള്ളം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവർ പരിചയപ്പെടുത്തിയ സ്റ്റീം കാർ വാഷിങ്ങിൽ വെറും 10 ലിറ്റർ വെള്ളം മാത്രമാണ് ആവശ്യമുള്ളത് ഒഴുകിപ്പോകുന്ന വെള്ളത്തിലൂടെയുള്ള നഷ്ടവും ഇതിലില്ല. 15 കാറുകൾ ശരാശരി കഴുകുന്ന ഒരു സ്ഥാപനത്തിൽ 67,500 ലിറ്റർ വെള്ളം വരെ ഈ യന്ത്രത്തിലൂടെ ലാഭിക്കുവാൻ കഴിയും എന്നാണ് ഇവർ പറയുന്നത്. ബോയിലറും പമ്പും പ്രധാനമായും ഉൾക്കൊള്ളുന്ന മെഷീൻ ഉപയോഗിച്ച് കാറിന്റെ എല്ലാ ഭാഗങ്ങളും വൃത്തിയാക്കാനാവും. മൊബൈൽ യൂണിറ്റ്, ഡീലൈറ്റിംഗ് ആന്റ് ബേസിക് കോട്ടിങ്, സ്റ്റുഡിയോ എന്നിങ്ങനെ വിവിധ രൂപാന്തരങ്ങളിൽ ലഭ്യമാകുന്ന യന്ത്രം സ്ഥാപിക്കുന്നതിന് 20 ലക്ഷം മുതൽ 60 ലക്ഷം രൂപ വരെയാണ് ചെലവ് വരുന്നത്. തൃശൂർ എം. ഇ. എസ്. കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കിയ പി. കെ. ഷെഹിൻ, ശങ്കർ നാരായൺ വിശ്വനാഥ്, യു. ഷാനിൽ, എസ്. ആർ. വൈശാഖ്, മുഹ്സിൻ മുഹമ്മദ്, ചേതൻ പ്രദീപ് എന്നിവരാണ് ഒറോറ സ്റ്റാർട്ട് അപ്പ് കമ്പനിയുടെ ശിൽപികൾ.




ഈയിടെ പുറത്തിറക്കിയ വ്യവസായ പ്രോത്സാഹന ഓർഡിനൻസ് വഴി 30 ദിവസത്തിനകം വ്യവസായം തുടങ്ങുവാനുള്ള വഴി തുറന്നതും മേളയിലേയ്ക്കുള്ള സന്ദർശകരുടെ വരവിന് ആക്കം കൂട്ടി. മറ്റ് മേളകളിൽ നിന്ന് വ്യത്യസ്തമായി വിൽപന മാത്രമായിരുന്നില്ല കൊച്ചിയിൽ നടന്ന യന്ത്രപ്രദർശനമേളയുടെ ലക്ഷ്യം. സംരംഭകർക്ക്




പരസ്പരം കാണുന്നതിനും പുതിയ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും കൂടി മേള വഴിയൊരുക്കി. പരിചയസമ്പന്നരായ സംരംഭകരുടെ മികച്ച ആശയങ്ങൾ പങ്ക് വയ്ക്കപ്പെട്ടു.

ഭക്ഷ്യ സംസ്കരണ മേഖലയിലെ വ്യവസായ വികസനത്തിൽ കേരളമാണ് രാജ്യത്ത് മുമ്പന്തിയിൽ നിൽക്കുന്നത്. അതിനാൽ ഈ മേഖലയിൽ നിന്നുള്ള യന്ത്ര നിർമാതാക്കളുടെയും വിതരണക്കാരുടെയും പങ്കാളിത്തം മേളയിൽ മുന്നിട്ട് നിന്നു. നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ളതാണ്. ജൈവ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശരിയായ സംസ്കരണ രീതിയുടെ അഭാവം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഈ മേഖലയിൽ മികവ് തെളിയിച്ച ഒരു കൂട്ടം യന്ത്രനിർമാതാക്കളുടെ സാന്നിധ്യം മേളയെ മികവുറ്റതാക്കി.

ജൈവമാലിന്യങ്ങളുടെയും പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും ശാസ്ത്രീയമായ



സംസ്കരണം സാധ്യമാക്കുന്ന ഒരു കൂട്ടം യന്ത്രങ്ങൾ പ്രദർശനത്തിനെത്തിയിരുന്നു. ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടത്തുന്ന യന്ത്രങ്ങളുടെ പ്രവർത്തനം സന്ദർശകർക്ക് കാണുന്നതിനുള്ള അവസരം മിക്ക പ്രദർശകരും ഒരുക്കിയിരുന്നു.

ഗാർഹികമായി ഉല്പാദനം നടത്തുവാൻ കഴിയുന്ന നാനോ സംരംഭങ്ങൾക്കായി സംസ്ഥാന സർക്കാർ പലിശ സബ്സിഡി നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ തൊഴിൽ രഹിതരായ വീട്ടമ്മമാർക്ക് കൂടുതൽ പ്രയോജനകരമായ ഈ പദ്ധതിയിൽ ഉൾപെടുത്താൻ കഴിയുന്ന നാനോ സംരംഭങ്ങൾക്ക് അനുയോജ്യമായ ചെറുകിട യന്ത്രസാമഗ്രികളും മേളയിൽ കൂടുതലായി ഉൾപെട്ടിരുന്നു. ഇത്തരത്തിൽ കേരളത്തിന്റെ സമഗ്രമായ വ്യവസായ സാധ്യത മനസ്സിലാക്കി സംഘടിപ്പിച്ച യന്ത്രപ്രദർശനമേള സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഒരു മുതൽക്കൂട്ടായിരിരുന്നെന്ന കാര്യത്തിൽ സംശയമില്ല.

## മികച്ച പ്രകടനത്തിന് പ്രദർശകർക്ക് പുരസ്കാരം

മെഷിനറി എക്സ്പോ 2018 ൽ മികവുറ്റ പ്രദർശനം ഒരുക്കിയ പ്രദർശകർക്ക് മേളയുടെ സമാപനയോഗത്തിൽ വകുപ്പ് പുരസ്കാരം നൽകി ആദരിച്ചു. പങ്കെടുത്ത എല്ലാപേർക്കും പങ്കാളിത്ത സാക്ഷ്യപത്രം നൽകിയിരുന്നു. എന്നാൽ ഏറ്റവും മികച്ച രീതിയിൽ സ്റ്റാളുകൾ സജ്ജമാക്കിയ, മികച്ച പ്രകടനം കാഴ്ച വച്ച മൂന്ന് സ്ഥാപനങ്ങൾക്ക് സമാപനയോഗത്തിൽ വച്ച് വ്യവസായ വാണിജ്യ ഡയറക്ടർ കെ. എൻ. സതീഷ് ഐ. എ. എസ് പുരസ്കാരം സമ്മാനിച്ചു. തമിഴ്നാട് രാജപാളയം ആസ്ഥാനമായ എസ്. ബി. എം എക്സ്ട്രൂഷൻ ഇന്ത്യ എന്ന സ്ഥാപനത്തിനാണ് മികച്ച പ്രാതിനിധ്യത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചത്. പ്ലാസ്റ്റിക് റീസൈക്ലിംഗ് അനുബന്ധ യന്ത്ര സാമഗ്രികളാണ് അവർ പ്രദർശനത്തിനെത്തിച്ചത്. അഹമ്മദാബാദിൽ നിന്നെത്തിയ ജയ് ഇൻഡസ്ട്രീസ് രണ്ടാം സ്ഥാനം നേടി പുരസ്കാരം ഏറ്റുവാങ്ങി.






## ഭക്ഷ്യ മാലിന്യ സംസ്കരണത്തിനായി സോൾവെർത്ത് ഇക്കോടെക്ക്

ഭക്ഷ്യ മാലിന്യ സംസ്കരണത്തിന് പൂർണ പരിഹാരമാണ് കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന സോൾവെർത്ത് ഇക്കോട്ടെക്ക് അവതരിപ്പിച്ച ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ. ഗാർഹിക ഗാർഹികേതര ഭക്ഷ്യ മാലിന്യങ്ങൾ ജൈവ വളമായി മാറ്റുകയാണ് മെഷീൻ ചെയ്യുന്നത്. 50 കിലോഗ്രാം മാലിന്യം ജൈവവളമായി മാറ്റുന്നതിന് വെറും 12 മണിക്കൂർ മതി. 10 ചാക്ക് മണ്ണിന് ഒരു ചാക്ക് വളം എന്ന രീതിയിൽ പ്രയോഗിക്കാവുന്ന അഞ്ച് കിലോ ജൈവവളം 50 കിലോ ഭക്ഷ്യമാലിന്യത്തിൽ നിന്ന് ലഭിക്കും. സംസ്കരണത്തിന്റെ ശേഷിക്കനുസരിച്ച് വിവിധ മോഡലുകൾ ലഭ്യമാണ്. 50 കിലോ മുതൽ 5000 കിലോ വരെ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള മെഷീനുകൾ നാല് ലക്ഷം മുതൽ 22 ലക്ഷം വരെ ചെലവിൽ വാങ്ങാം. മൂന്ന് കിലോവാട്ട് ആണ് ഏറ്റവും കുറഞ്ഞ വൈദ്യുതി ചെലവ്. അരവിന്ദ് പി. എസ്. ആണ് എറണാകുളം അമ്പലമുകളിൽ പ്രവർത്തിക്കുന്ന സോർവെർത്തിന്റെ സ്ഥാപകൻ.

തടിയധിഷ്ഠിത യന്ത്ര സാമഗ്രികളുടെ വിപുലമായ ശേഖരമാണ് ആറ് സ്റ്റാളുകളിലായി ജയ് ഇൻഡസ്ട്രീസ് ഒരുക്കിയിരുന്നത്. ബാംഗ്ലൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ മേഖലയിലെ യന്ത്രസാമഗ്രികൾ പ്രദർശനത്തിനെത്തിച്ച ആന്റ് ടെക്നോളജീസിനാണ് മൂന്നാം സമ്മാനം ലഭിച്ചത്. സ്പൈറൽ മെഷീൻ, റോട്ടറി ഓവൻ, കുക്കീസ് മെഷീൻ തുടങ്ങി വൈവിധ്യമാർന്ന ഭക്ഷ്യ സംസ്കരണ യന്ത്രങ്ങൾ പരിചയപ്പെടുത്തിയ സ്ഥാപനത്തിന് രണ്ട് കോടിയോളം രൂപയുടെ ബിസിനസ് ഇടപാട് മേളയിൽ വച്ച് നേരിട്ട് ലഭിച്ചിരുന്നു. സമാപനയോഗത്തിൽ പങ്കെടുത്ത പുരസ്കാര ജേതാക്കളും മറ്റ് പ്രദർശക സ്ഥാപനങ്ങളുടെ പ്രതിനിധികളും വകുപ്പിന്റെ സംഘാടന മികവിനെയും മേളയിലേർപെടുത്തിയ ക്രമീകരണങ്ങളെയും പ്രത്യേകം അഭിനന്ദിച്ചു.

രാജ്യമൊട്ടുക്ക് സ്വകാര്യ മേഖലയിൽ വിവിധതരം യന്ത്രപ്രദർശനമേളകൾ കാലങ്ങളായി സംഘടിപ്പിച്ച് വരുന്നുണ്ടെങ്കിലും അത്തരം മേളകളിൽ നിന്നെല്ലാം മികച്ചു നിന്ന സംഘാടനമായിരുന്നു കൊച്ചിയിലെ യന്ത്രപ്രദർശനമേളയുടേതെന്ന് പങ്കെടുത്ത സംരംഭകരെല്ലാം ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. കൂട്ടായ പ്രവർത്തനത്തിന്റെ വിജയമായിരുന്നു വ്യവസായ വകുപ്പിന്റെ മേളയുടേത്. വലിയ മുന്നൊരുക്കങ്ങളാണ് മെഷിനറി എക്സ്പോയുടെ രണ്ടാം പതിപ്പിനായി വ്യവസായ വകുപ്പ് നടത്തിയത്. മാസങ്ങൾക്ക് മുമ്പേ ആരംഭിച്ച ചിട്ടയായ പ്രവർത്തനങ്ങളാണ് മേളയുടെ വൻ വിജയത്തിന് താങ്ങായത്. എഫ്. എം. റേഡിയോ ഉൾപ്പെടെ വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെയും വിപുലമായ പ്രചാരണം നടത്തിയിരുന്നു. കേരളത്തിലുടനീളം ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴിയും താലൂക്ക് വ്യവസായ ഓഫീസുകൾ വഴിയും ഫീൽഡ് തല ഉദ്യോഗസ്ഥർ വഴിയും പോസ്റ്ററുകൾ പതിപ്പിച്ചും നേരിട്ടും മേളയുടെ പ്രചാരണം നടത്തിയിരുന്നു. കെ. എസ്. ആർ. ടി. സി. ബസുകളിൽ പരസ്യം പതിപ്പിച്ചു. വകുപ്പുമായി പലപ്പോഴായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ



സംരംഭകർക്കും എസ്. എം. എസ് നൽകി. ഇത്തരത്തിൽ സമൂഹത്തിലെ എല്ലാ കോണിലുമുള്ള സംരംഭകരിലേയ്ക്ക് മേളയുടെ പ്രചാരണം എത്തിക്കുവാൻ കഴിഞ്ഞതിനാലാണ് 4 ദിവസം നീണ്ടുനിന്ന മേളയിലേയ്ക്ക് രാവിലെ മുതൽ മേള അവസാനിക്കുന്നത് വരെ സന്ദർശകരുടെ ഇടതടവില്ലാത്ത പ്രവാഹം സൃഷ്ടിക്കുവാനായത്. മെഷിനറി എക്സ്പോ 2018 സംസ്ഥാനത്തെ നവസംരംഭകർക്കും വ്യവസായ സമൂഹത്തിനും മാത്രമല്ല ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകുവാൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് കൂടിയാണ് പ്രചോദനമാകുന്നത്. വരും വർഷങ്ങളിലും ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് വകുപ്പിന് അതിരറ്റ ആത്മവിശ്വാസം നൽകുന്നതായിരുന്നു യന്ത്രപ്രദർശനമേളയുടെ വൻവിജയം.






**യന്ത്രപ്രദർശനമേളയിൽ പങ്കെടുത്ത് ശ്രദ്ധ നേടിയ ചില പ്രദർശകരുടെ വിവരങ്ങൾ ഇവിടെ ചേർക്കുന്നു**

## കൃഷിയധിഷ്ഠിതവും ഭക്ഷ്യ സംസ്കരണവും

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| സാറാസ് ടെക്നോ കൺസൾട്ടൻസി സർവീസസ് വെള്ളൻചിറ, തൃശൂർ, കേരള | സെമി സോളിഡ് ഡോസർ<br>ലെമൺ കട്ടിംഗ് മെഷീൻ<br>ഇൻഡസ്ട്രിയൽ മിക്സി<br>ഹാമ്മർ മിൽ<br>ഇലക്ട്രിക് റോസ്റ്റർ | ഫോൺ: 9349165966<br>ഇ-മെയിൽ:sarahstechno@gmail.com<br>വെബ്സൈറ്റ്<br>www.technoconsultancy.in |
| കെ. എം. സ് ഇൻഡസ്ട്രീസ്<br>നല്ലംപാളയം<br>കോയമ്പത്തൂർ, തമിഴ്നാട് | ഡിസ്റ്റോണർ | ഫോൺ: 9894218517<br>ഇ- മെയിൽ:<br>kmsindustries888@gmail.com |
| സ്റ്റീലോൺ<br>ആനന്ദപുരം, തൃശൂർ<br>കേരള | പിക്കിൾ&ജാം ഫില്ലിങ് മെഷീൻ<br>റൈസ് പൗഡർ റോസ്റ്റർ<br>സോസ് മേക്കിംഗ് മെഷീൻ | ഫോൺ: 9349165966<br>ഇ- മെയിൽ:steelonindia@gmail.com<br>വെബ്സൈറ്റ് www.steelonindia.com |
| വെസ്റ്റാ എഞ്ചിനീയേഴ്സ്<br>എരുമത്തല<br>എറണാകുളം, കേരള | ചപ്പാത്തി മേക്കിംഗ് മെഷീൻ | ഫോൺ: 9447213269<br>ഇമെയിൽ: vestaengineers@gmail.com<br>വെബ്സൈറ്റ്: www.vestaengineers.net |
| എൽ & എഫ് മെഷിനറീസ്<br>ഇരിഞ്ഞാലക്കുട<br>തൃശൂർ, കേരള | റൈസ് പൗഡർ & സ്പൈ സസ് പൾവറൈസർ<br>കോക്കനട്ട് ഓയിൽഎക്സ്പെല്ലർ<br>ജ്യൂസർ, മൈക്രോ ഫിൽറ്റർ | ഫോൺ: 9656545333<br>ഇ- മെയിൽ:<br>ifmachineries@gmail.com |
| പ്രോ ബി പ്രോഡക്ട്സ്<br>ബംഗളുരു<br>കർണാടക | വെർജിൻ കോക്കനട്ട് ഓയിൽ പ്രോസസിംഗ് മെഷിനറി | ഫോൺ: 9036017129<br>ഇ- മെയിൽ:<br>marketingproducts@gmail.com<br>വെബ്സൈറ്റ്: www.probproducts.in |
| ആന്റ് ടെക്നോളജീസ്<br>ബംഗളുരു<br>കർണാടക | കുക്കീസ് മെഷീൻ 4 ഇൻ 1<br>റോട്ടറി ഓവൻ<br>സ്പൈറൽ മിക്സർ | ഫോൺ: 9482993232<br>ഇ- മെയിൽ:<br>info@andtechnologies.org<br>വെബ്സൈറ്റ്:www.andtechnologies.org |
| പറവൂർ എഞ്ചിനീർസ്<br>പറവൂർ, എറണാകുളം<br>കേരള | ചപ്പാത്തി മെഷീൻ,<br>ഇടിയപ്പം മെഷീൻ,<br>ബനാന സ്ലൈസർ,<br>മുതലായവ | ഫോൺ: 0484- 2443663<br>ഇ- മെയിൽ:<br>sales@paravoorengineers.com<br>വെബ്സൈറ്റ്:<br>www.paravoorengineers.com |

## വസ്ത്രനിർമാണം

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| അപ്പാരൽ മെഷീൻസ് ട്രേഡിംഗ് കമ്പനി<br>ചേരനല്ലൂർ റോഡ്,<br>എറണാകുളം, കേരള | തയ്യൽ മെഷീൻ | ഫോൺ: 0484- 2801364<br>ഇ-മെയിൽ:amtcsales2017@gmail.com |
| മേഹല മെഷീൻസ് ഇന്ത്യ ലിമിറ്റഡ്<br>ഇടപ്പള്ളി,<br>എറണാകുളം, കേരള | തയ്യൽ മെഷീൻ | ഫോൺ: 9388989880<br>ഇ-മെയിൽ: rajiv@mehala.in<br>വെബ്സൈറ്റ്: www.mehala.com |



## ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| ടെസ്ട്രോ ഇലക്ട്രോണിക്സ്<br>നീലിക്കോണംപാളയം<br>കോയമ്പത്തൂർ<br>തമിഴ്നാട് | ഡിസ്പ്ലേ | ഫോൺ: 9363216903<br>ഇ-മെയിൽ:<br>enquiry@textroelectronics.com<br>വെബ്സൈറ്റ്: www.mehala.com |
| ഹീറ്റ്കോൺ ഇൻസ്ട്രുമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്<br>ബാംഗ്ലൂർ<br>കർണാടക | ഇൻഡക്ഷൻ ഫർണസ് | ഫോൺ: 9480089120<br>ഇ-മെയിൽ:<br>info@heatcon.in<br>വെബ്സൈറ്റ്: www.henix.in |
| റെക്സ്നോർഡ് ഇലക്ട്രോണിക്സ് & കൺട്രോൾസ് ലിമിറ്റഡ് (ഇന്ത്യ)<br>വാസൈ, മഹാരാഷ്ട്ര | എ. സി. ആക്സിയൽ ഫാൻ,<br>ഡി. സി. ബ്രഷ്ലസ് ഫാൻ,<br>എക്സാസ്റ്റ് ഫാൻ,<br>മുതലായവ | ഫോൺ: 08380067437<br>ഇ-മെയിൽ:<br>sales1@rexnordindia.com<br>വെബ്സൈറ്റ്:<br>www.rexnordindia.com |

## ജനറൽ എഞ്ചിനീയറിംഗ്

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| കാവോൺ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് പരളം, തൃശൂർ, കേരള | കാവോൺ സി ഒ 2 ലേസർ കട്ടിംഗ് & എൻഗ്രേവിംഗ് മെഷീൻ | ഫോൺ: 9446366666 ഇ-മെയിൽ: kavoneindia@gmail.com വെബ്സൈറ്റ്: www.kavone.com |
| പവർടെക് എന്റർപ്രൈസസ് പത്തനാപുരം, കൊല്ലം, കേരള | കൺസ്ട്രക്ഷൻ മെഷിനറി ഹോളോബ്രിക്സ് ഇന്റർലോക്ക് | ഫോൺ: 8593856262 ഇ-മെയിൽ: powertek.enterprise@gmail.com വെബ്സൈറ്റ്: powertekenterprise.com |
| ഡൈനാവാക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, | ഇൻഡസ്ട്രിയൽ വാക്വം ക്ലീനേഴ്സ് & ഡസ്റ്റ് | ഫോൺ: 9944207702 ഇ-മെയിൽ:admin@dynavac.org വെബ്സൈറ്റ്: www.dynavac.in |
| ഇ. എസ്. എസ്. സ്ക്വയർ എന്റർപ്രൈസസ് കലൂർ, എറണാകുളം, കേരളം | ഇൻവെർട്ടർ വെൽഡിംഗ് മെഷീൻസ് | ഫോൺ: 9447053315 ഇ-മെയിൽ: esssquare@esssquare.com |
| പ്രോംപ്റ്റ് മെഷീൻ ടൂൾസ് കലൂർ, കേരള | ആക്റ്റീവ് റ്റാവേഴ്സ് റോബോട്ട് എറണാകുളം | ഫോൺ: 9349156403 ഇ-മെയിൽ: prompt@promptmachines.com വെബ്സൈറ്റ്: www.promptmachines.com |
| ഗണപതി മെഷീൻ വർക്സ് ഏറമംഗലം പാലക്കാട്, കേരള | ഹോളോബ്രിക്സ് മേക്കിംഗ് മെഷീൻ, പാവിംഗ് ടൈൽസ് മേക്കിംഗ് മെഷീൻ, പോട്ടറി വീൽ, മിനി പ്ലഗ് മിൽ തുടങ്ങിയവ | ഫോൺ: 944652403 ഇ-മെയിൽ: ganapathy machineworks @gmail.com, www.gm. net |






| പാക്കേജിംഗ് | | |
|---|---|---|
| **സ്ഥാപനത്തിന്റെ പേരും വിലാസവും** | **പ്രധാന ഉല്പന്നങ്ങൾ** | **ബന്ധപ്പെടുവാൻ** |
| സേവന  ഇലക്ട്രിക്കൽ അപ്ലൈയൻസസ് പ്രൈ. ലി. ഇടപ്പള്ളി, എറണാകുളം, | പാക്കേജിംഗ് മെഷിനറി | ഫോൺ: 9312644361<br>ഇ-മെയിൽ:<br>anujose@sepack.in<br>വെബ്സൈറ്റ്: www.sepack.in |
| ബോസ് പാക്കേജിംഗ് കുനിയമുത്തൂർ കോയമ്പത്തൂർ, തമിഴ്നാട് | പാക്കേജിംഗ് മെഷിനറി | ഫോൺ: 8056630768<br>ഇ-മെയിൽ:<br>bosspkg123@gmail.com<br>വെബ്സൈറ്റ്:<br>www.bosspackagingmachine.com |
| സ്റ്റാലിയൻ സിസ്റ്റംസ് & സൊലൂഷൻസ് പ്രൈ. ലി., എറണാകുളം, കേരള | ബാർകോഡ് പ്രിന്റർ/ സ്കാനർ | ഫോൺ: 9846240458<br>ഇ-മെയിൽ:<br>sony@stallionindia.com<br>വെബ്സൈറ്റ്:<br>www.stallionglobal.com |
| ആക്മെ മെഷിനറി കമ്പനി പ്രൈ. ലി. വടാല, മുംബൈ | കൊറുഗേഷൻ മെഷിനറി | ഫോൺ: 09821522388<br>ഇ-മെയിൽ:<br>sureshacmemach@gmail.com |
| സാപ്പ് പേപ്പർ ടെക്നിക്ക് വാടാവള്ളി, കോയമ്പത്തൂർ, തമിഴ്നാട് | പേപ്പർ കപ്പ് മെഷീൻ, ടിഷ്യൂ നാപ്കിൻ മെഷീൻ അലുമിനിയം ഫോയിൽ കണ്ടെയ്നർ മെഷീൻ | ഫോൺ: 9585547894<br>ഇ-മെയിൽ:<br>sappindia@yahoo.co.in |

## ഫാർമസ്യൂട്ടിക്കൽ ആയുർവേദ ഹെർബൽ

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| സ്റ്റീൽടെക് എഞ്ചിനീയറിംഗ് വർക്സ്, ചിട്ടിശ്ശേരി, തൃശൂർ കേരള | വൈബ്രോ സിഫ്റ്റർ | ഫോൺ: 9847293050<br>ഇ-മെയിൽ: steeltechin@yahoo.co.in<br>വെബ്സൈറ്റ്: www.steeltech.co.in |
| ആൻഫാർമ എക്വിപ്മെന്റ് വർക്സ്, പേരാമ്പ്ര, തൃശൂർ കേരള | മാസ് മിക്സർ, ഗ്രാനുലേറ്റർ, കൊളോയ്ഡ് മിൽ, ജ്യൂസ്-പ്ലാന്റ്, വൈബ്രോസിഫ്റ്റർ, ഹണി പ്രോസസിംഗ് പ്ലാന്റ്, തുടങ്ങിയവ | ഫോൺ: 9645592611<br>ഇ-മെയിൽ: anpharmaequipment@gmail.com<br>വെബ്സൈറ്റ്: www.anpharmaequipment.com |

## തടിയധിഷ്ഠിതം

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| ജയ് ഇൻഡസ്ട്രീസ് അഹമ്മദാബാദ്, ഗുജറാത്ത് | പാനൽ സാ, എഡ്ജ് ബാൻഡിംഗ് മൾട്ടി ബോറിംഗ്, കോൾഡ് പ്രസ്, ഹോട്ട് പ്രസ്, സി. എൻ. സി-റൂട്ടർ, തുടങ്ങിയവ | ഫോൺ: 9847083174<br>ഇ-മെയിൽ: qwalityekm@hotmail.com<br>വെബ്സൈറ്റ്: www.jaiindistries.com |
| കല്യാൺ ഇൻഡസ്ട്രീസ് യമുന നഗർ, ഹരിയാന | വിനീർ ഡ്രൈയർ<br>സാമിൽ മെഷിനറി,<br>പ്ലൈവുഡ് മേക്കിംഗ് മെഷീൻ<br>വുഡ് വർക്കിംഗ് മെഷീൻ | ഫോൺ: 9812092416<br>ഇ-മെയിൽ: info@kalyanindustries.com<br>വെബ്സൈറ്റ്: www.kalyanindustries.in |



## പ്രിന്റിംഗ്, മറ്റുള്ളവ

| സ്ഥാപനത്തിന്റെ പേരും വിലാസവും | പ്രധാന ഉല്പന്നങ്ങൾ | ബന്ധപ്പെടുവാൻ |
|---|---|---|
| ഡാറ്റാകാർഡ് ഇന്ത്യ<br>പ്രൈവറ്റ് ലിമിറ്റഡ്<br>മുംബൈ, മഹാരാഷ്ട്ര | ഡാറ്റാ കാർഡ് ഐ. ഡി. കാർഡ് പ്രിന്റർ | ഫോൺ: 9020812345<br>ഇ-മെയിൽ: gsinfot@gmail.com<br>വെബ്സൈറ്റ്: www.globalsourcesindia.com |
| എസ്. ബി. എം<br>എക്സ്ട്രൂഷൻ ഇന്ത്യ<br>രാജപാളയം, തമിഴ്നാട് | വിവിധ മാലിന്യ സംസ്കരണ യന്ത്രങ്ങൾ | ഫോൺ: 9843083478<br>ഇ-മെയിൽ: sbmindia2020@gmail.com<br>വെബ്സൈറ്റ്: www.sbmextrusion.com |
| സോൾവെർത്ത് ഇക്കോടെക്<br>അമ്പലമുഗൾ, എറണാകുളം<br>കേരള | ഓർഗാനിക് വേസ്റ്റ്-കൺവെർട്ടർ | ഫോൺ: 9895044004<br>ഇ-മെയിൽ: info@solwearth.com<br>വെബ്സൈറ്റ്: www.solwearth.com |
| എക്കോ ഡൈനാമിക്<br>പന്നിമടൈ,<br>കോയമ്പത്തൂർ, തമിഴ്നാട് | ഇലക്ട്രിക്കൽ വെഹിക്കിൾ | ഫോൺ: 9600837686<br>ഇ-മെയിൽ: vivek@ecodynaamicequipments.com<br>വെബ്സൈറ്റ്: www.ecodynaamicequipments.com |
| കേരള സ്റ്റേറ്റ് കയർ മെഷിനറി<br>മാനുഫാക്ചറിംഗ് കമ്പനി ലി.<br>ആലപ്പുഴ, കേരളം | ഇന്റഗ്രേറ്റഡ് ഫൈബർ എക്സ്ട്രാക്ഷൻ യൂണിറ്റ് | ഫോൺ: 9600837686<br>ഇ-മെയിൽ: kscmmc1@gmail.com<br>വെബ്സൈറ്റ്: www.kcmmc.com |

Shajeer - Creative Director
MERRYCUTS
THE VISUAL CELEBRATION
Agalad - badar palli, Thrissur, Kerala - 680 518
Mob: 9745543030, email: merrycutsevent@gmail.com

ബൈജു എം.വി.



# മലബാർ ക്രാഫ്റ്റ്സ് മേള- 2018

കരിമ്പനയുടെ നാട്ടിൽ, സമ്പന്നമായ സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാനാകുന്ന പാലക്കാടിന്റെ മണ്ണിൽ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് പ്രാധാന്യം നൽകി കരകൗശല വൈദഗ്ധ്യത്തിന്റെ നൂതന ആശയങ്ങൾ പങ്കുവെയ്ക്കുവാനുള്ള ഇടമായിരുന്നു മലബാർ ക്രാഫ്റ്റ്സ് മേള 2018. പരമ്പരാഗത വ്യവസായ മേഖലകൾക്ക് പ്രതീക്ഷയേകുന്നതോടൊപ്പം, മൺമറഞ്ഞു പോവുന്ന പരമ്പരാഗത തൊഴിൽ മേഖലകളെ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്രതലത്തിൽ അവയ്ക്ക് വിപണനം കണ്ടെത്തുക, പുതുതലമുറയ്ക്ക് അവയെ പരിചയപ്പെടുത്തുക തുടങ്ങിയ കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ആർജ്ജവത്തോടെയുള്ള സാക്ഷാത്കാരമായിരുന്നു മലബാർ ക്രാഫ്റ്റ്സ് മേള. സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പ്, പാലക്കാട് ജില്ലാ വ്യവസായകേന്ദ്രം എന്നിവയുടെ നേതൃത്വത്തിൽ ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി



2011 വരെ തുടർച്ചയായി നടന്ന മേള 7 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് പാലക്കാടിന്റെ തട്ടകത്ത് അരങ്ങേറിയത്. ഹരിയാനയിലെ സൂരജ് കുണ്ട് മേളയുടെ മാതൃകയിലാണ് കേരളത്തിൽ മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിക്കപ്പെടുന്നത്. പ്രദർശനത്തോടൊപ്പം വിൽപനയും മേളയിൽ ജനശ്രദ്ധ ആകർഷിക്കുന്നതിനിടയാക്കി. പരമ്പരാഗത പരസ്യരീതികളിൽ നിന്ന് വിഭിന്നമായി ഫ്ളാഷ് മോബ്, നവമാധ്യമങ്ങൾ എന്നിവ ഉൾപെടെയുള്ള പരസ്യ പ്രചരണങ്ങളിലൂടെയായിരുന്നു മേളയെ ജനശ്രദ്ധയിൽ എത്തിച്ചത്. 15 ദിവസം നീണ്ടുനിന്ന മേള 16 ന് വൈകിട്ട് സാംസ്കാരിക വകുപ്പ് മന്ത്രി എ. കെ. ബാലൻ ഉദ്ഘാടനം ചെയ്തു. വ്യവസായ വകുപ്പു മന്ത്രി എ. സി. മൊയ്തീൻ, എം. പി.മാർ, എം. എൽ. എ. മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഗ്രീൻ പ്രോട്ടോകോൾ അനുസരിച്ച് പ്ലാസ്റ്റിക് ഉപയോഗം പൂർണമായും ഒഴിവാക്കി പ്രകൃതി സൗഹാർദ്ദമായാണ് മേള സംഘടിപ്പിച്ചത്. ഓല, തെങ്ങ്, കവുങ്ങ് എന്നിവ ഉപയോഗിച്ചു കൊണ്ട് പരമ്പരാഗത കുടിലുകളുടെ മാതൃകയിലാണ് പ്രദർശന സ്റ്റാളുകൾ രൂപപ്പെടുത്തിയത്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി മൈതാനത്തിനകത്ത് പ്രകൃതി സൗഹൃദ കൊട്ടകളും, സാനിറ്റേഷൻ ഫെസിലിറ്റി ഉറപ്പു വരുത്തുന്നതിനായി മൊബൈൽ ടോയ്‌ലറ്റ് സൗകര്യവും ഒരുക്കിയിരുന്നു.

മേളയിൽ ശ്രദ്ധയാകർഷിച്ചത് പ്രധാനമായും ശ്രീലങ്കൻ സ്റ്റാളുകളാണ്. കണ്ണിന് കൗതുകം ഉണർത്തുന്ന അനുഭൂതിയായിരുന്നു ശ്രീലങ്കൻ സ്റ്റാളുകൾ സമ്മാനിച്ചത്. സാംസ്കാരികമായി വളരെയധികം വൈവിധ്യം പുലർത്തുന്ന വിഭാഗമായ ശ്രീലങ്കൻ ജനത കരകൗശല വൈദഗ്ധ്യത്തിലും അത്തരം വൈവിധ്യത പ്രകടിപ്പിച്ചു. മേളയിൽ 2 സ്റ്റാളുകളിലായാണ് ശ്രീലങ്കൻ ഉല്പന്നങ്ങൾ പ്രദർശനത്തിനായി ഒരുക്കിയിരിക്കുന്നത്. ശ്രീലങ്കൻ, ക്രാഫ്റ്റ്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒരുക്കിയ മേളയിൽ ശ്രീലങ്കൻ തനത് പനയോല, സെറാമിക്, ഹാന്റ്‌ലൂം മരങ്ങൾ, ചിരട്ട തുടങ്ങിയ തനത് ഉല്പന്നങ്ങൾ ഉപയോഗിച്ച് നിർമിച്ച

മുനിസിപ്പൽ സ്റ്റേഡിയം മൈതാനത്തായിരുന്നു മേള നടന്നത്. കരകൗശല വൈദഗ്ധ്യം കൊണ്ടും ജനശ്രദ്ധ കൊണ്ടും ഏറെ ശ്രദ്ധേയമായ മേളയിൽ കേരളം കൂടാതെ ആന്ധ്രാപ്രദേശ്, ബീഹാർ, ഡൽഹി, ഗുജറാത്ത്, ഒറീസ്സ, ഹരിയാന, കർണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, പോണ്ടിച്ചേരി, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, തെലുങ്കാന, ഉത്തർപ്രദേശ്, വെസ്റ്റ് ബംഗാൾ തുടങ്ങി 18 സംസ്ഥാനങ്ങളിൽ നിന്നായി 143 സ്റ്റാളുകളും, പങ്കാളിത്ത രാജ്യമായ ശ്രീലങ്കയുടെ 2 സ്റ്റാളുകളും ഉൾപെടെ 145 സ്റ്റാളുകളിലായി 285 കരകൗശല വിദഗ്ധർ പങ്കെടുത്തു. 61 സ്റ്റാളുകളിലായി കേരളത്തിലെ കരകൗശല ഉൽപന്നങ്ങളും ഏറെ സജീവമായി. 2007 മുതൽ





വസ്തുക്കളാണ് ഏറെ ശ്രദ്ധ നേടിയത്.

കലയുടെയും കരകൗശല വൈദഗ്ധ്യത്തിന്റെയും സംഗമമായ മേളയിൽ കൊതിയൂറുന്ന മലബാറി വിഭവങ്ങളുടെ ഭക്ഷ്യമേളയും വൈകുന്നേരങ്ങളിൽ കലാ- സാംസ്കാരിക സായാഹ്നങ്ങളും വിപുലമായ പകിട്ടു നൽകി. ഓല, വൈക്കോൽ, തെങ്ങ്, കവുങ്ങ് തുടങ്ങിയവ ഉപയോഗിച്ച് തീർത്ത പരമ്പരാഗത കുടിലുകളിൽ ഉൽപന്നങ്ങൾ നിർമിക്കുന്നത് കണ്ടറിയാൻ പൊതുജനങ്ങൾക്ക് അവസരം ഉണ്ടാവുകയും ചെയ്തു. പാലക്കാടിന്റെ തനത് കലാരൂപങ്ങളുടെ അവതരണവും വൈകുന്നേരങ്ങളിൽ പ്രശസ്തരായ കലാകാരന്മാരുടെ കലാസന്ധ്യയും, ഭിന്നശേഷിക്കാരുടെ കലാവതരണവും മേളയെ സമ്പന്നമാക്കി. ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച ഇന്ററാക്ടീവ് മാജിക് ഷോ, മട്ടന്നൂർ ശങ്കരൻ കുട്ടി, പാലക്കാട് ശ്രീരാം, പ്രകാശ് ഉള്ളേരി തുടങ്ങിയ കലാകാരന്മാർ അവതരിപ്പിച്ച കലാസന്ധ്യയും പാലക്കാടിന്റെ സാംസ്കാരിക സദസ്സിനെ ക്രാഫ്റ്റ്സ്മേളയിൽ എത്തിച്ചു.

സാംസ്കാരിക സായാഹ്നത്തിൽ തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പങ്കെടുക്കുകയും പാലക്കാടിന്റെ സാംസ്കാരിക നായകന്മാരായ കലാമണ്ഡലം ശിവൻ നമ്പൂതിരി, മുണ്ടൂർ സേതുമാധവൻ, മണ്ണൂർ രാജകുമാരനുണ്ണി, രാജീവ് പുലവർ തുടങ്ങിയവരെ ആദരിക്കുകയും ചെയ്തു. പൊറാട്ട് നാടകം, കണ്യാർ കളി, തോൽപ്പാവക്കൂത്ത്, ചവിട്ടുനാടകം, ഗുരുദേവ ജ്ഞാനാമൃതം ജാംബെ മ്യൂസിക് എന്നിവ കൊണ്ട് മലബാർ ക്രാഫ്റ്റ്സ് മേളയുടെ ഓരോ സായാഹ്നങ്ങളും പാലക്കാടൻ ജനത നെഞ്ചിലേറ്റി. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 11 സബ് കമ്മിറ്റികളിലായി തരംതിരിച്ചായിരുന്നു പ്രവർത്തനങ്ങൾ. അവരുടെ സംഘാടക മികവിന്റെ കൂടി ആവിഷ്കാരമായിട്ടായിരുന്നു മേള നടന്നത്. 10 ലക്ഷത്തിലധികം സന്ദർശകർ പങ്കെടുത്ത മേള പൂർണമായും സി. സി. ടി. വി ക്യാമറകളുടെ നിരീക്ഷണത്തിലായിരുന്നു. മൈതാനത്തിനകത്തും പരിസരത്തിലുമായി സുരക്ഷ കണക്കിലെടുത്ത് 36 സി. സി. ടി. വി ക്യാമറകൾ, പോലീസ് ഉദ്യോഗസ്ഥർ, സ്റ്റുഡന്റ്സ് പോലീസ്, സെക്യൂരിറ്റി സ്റ്റാഫുകൾ തുടങ്ങിയവരുടെ സാന്നിദ്ധ്യവും മേളയിൽ സജീവമായിരുന്നു.

മലബാറിന്റെ രുചി പെരുമയുമായി 10 സ്റ്റാളുകളിലായി നടന്ന ഭക്ഷ്യമേളയായിരുന്നു മേളയിലെ മറ്റൊരു പ്രധാന ആകർഷണം. തനി മലബാറി വിഭവങ്ങൾ, ചക്ക വിഭവങ്ങൾ, പായസങ്ങൾ, ബിരിയാണികൾ, വിവിധതരം ദോശകൾ എന്നിവ രുചിയുടെ കൗതുകമുണർത്തുകയും രുചിഭേദങ്ങളുടെ വൈവിധ്യത സൃഷ്ടിച്ചുകൊണ്ട് വനവിഭവങ്ങൾ ഒരുക്കി കുടുംബശ്രീയും മേളയിൽ ശ്രദ്ധേയമായി. 4.25 കോടിയിലധികം രൂപയുടെ വിപണനമാണ് മേളയിൽ നടന്നിരിക്കുന്നത്.

കരകൗശല വൈദഗ്ധ്യവും കരുത്തും തെളിയിക്കുന്ന പാലക്കാടിന്റെ സ്വന്തം പ്രദർശന സ്റ്റാളുകൾ ആകർഷകമായിരുന്നു.








പാലക്കാടിന്റെ വ്യവസായിക സംസ്കൃതിയുടെ വളർച്ചയുടെ നിർണായക ഘടകമായ പാരമ്പര്യ കുടിൽ വ്യവസായങ്ങളായ മൺപാത്ര നിർമാണം, ചൂരൽ ഉൽപന്നങ്ങൾ, കയർ, കൈത്തറി തുടങ്ങിയവയുടെ പ്രദർശനങ്ങൾ ദേശീയ- അന്തർദേശീയ തലത്തിൽ പാലക്കാടിന്റെ പാരമ്പര്യത്തെ പരിചയപ്പെടുത്തുന്നതായിരുന്നു. ചിറ്റൂർ- പാലപ്പുറം, എലപ്പുള്ളി- പുതുക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പന്നങ്ങൾ അട്ടപ്പാടി, അഗളി വനമേഖലകളിൽ നിന്നുള്ള വന ഉൽപന്നങ്ങൾ എന്നിവയും മേളയിൽ പ്രശംസ നേടിയവയാണ്. കൈത്തറി ഉല്പന്നങ്ങൾ കുറയുകയും ആവശ്യക്കാർ ഏറുകയും ചെയ്യുന്ന കാലത്ത് കൈത്തറിയുടെ വിവിധ സാധ്യതകളെ ജനശ്രദ്ധയിൽ എത്തിക്കുകയും കൈത്തറി ഉൽപന്നങ്ങളുടെ



വിപണി വിപുലീകരിക്കുകയും മഹത്തായ കൈത്തറി പാരമ്പര്യത്തെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുകയും ചെയ്യുകയാണ് മേളയിലൂടെ കൈത്തറി ഉല്പാദകർ ലക്ഷ്യമിടുന്നത്. കഞ്ചിക്കോട് ഹാന്റ്‌ലൂം വീവേഴ്‌സ് സൊസൈറ്റി, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൈത്തറി ഉല്പാദക സംഘങ്ങളും കൈത്തറി ഉല്പന്നങ്ങളുമായി സജീവമായിരുന്നു. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളിലൂടെ കൈത്തറിയെ പുരോഗതിയിലേയ്ക്ക് നയിക്കാൻ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജിയുടെ നേതൃത്വത്തിൽ കൈത്തറി ഉല്പന്നങ്ങളുടെ പ്രദർശനവും മേളയിൽ കാണാമായിരുന്നു.


മുളയിൽ കരവിരുത് തീർക്കുന്ന കേരളത്തിൽ നിന്നുള്ള ഒരു കൂട്ടം കലാകാരന്മാരാണ് മേളയിൽ പ്രശംസ പിടിച്ചു പറ്റിയ മറ്റൊരു വിഭാഗം. അലങ്കാര വസ്തുക്കൾ മുതൽ കളിപ്പാട്ടങ്ങൾ, മുളയിൽ ഉണ്ടാക്കിയ വിവിധതരം കർട്ടനുകൾ, അടുക്കള ഉപകരണങ്ങൾ തുടങ്ങി മുളയിൽ നിർമിച്ച വൈവിധ്യമാർന്ന ഉൽപന്നങ്ങൾ സന്ദർശകരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു. കാസർഗോഡ്, വയനാട്, പാലക്കാട് തുടങ്ങി വടക്കൻ






കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിയ കരകൗശല വിദഗ്ധരാണ് മുള ഉൽപന്നങ്ങളുമായി മേളയിൽ സജീവമാകുന്നത്. മുളയിലൂടെ കാതിന് ഇമ്പം പകരുന്ന മൊബൈൽ ആംബ്ലിഫയർ മുതൽ ചെടിചട്ടികൾ, മുളനാഴി, മുളപുട്ടുകുറ്റി, കസേര, ഊഞ്ഞാൽ തുടങ്ങി 20 രൂപ മുതൽ 5000 രൂപ വരെയുള്ള മുള ഉൽപന്നങ്ങൾ മേളയുടെ വിപണിയിലുണ്ടായിരുന്നു. കേരള ബാംബൂ വീവേഴ്സ് സൊസൈറ്റി, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ് മുള ഉൽപന്നങ്ങളുമായി പ്രദർശനത്തിനെത്തിയത്.

ലക്ഷദ്വീപിന്റെ ചിരട്ട ഉപയോഗിച്ചുള്ള ഉൽപന്നങ്ങളുമായി എത്തിയ ലക്ഷദ്വീപ് സംഘവും, ബീഹാർ, ഒറീസ്സ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ള വിവിധ ഇനം തുണിത്തരങ്ങളും, രാജസ്ഥാനി, ഗോളിയാർ ചെരുപ്പുകളും മേളയിൽ ശ്രദ്ധേയമായിരുന്നു.



പരമ്പരാഗത കുലതൊഴിലുകൾ മൺമറഞ്ഞുപോകുകയും പുതുതലമുറ പാശ്ചാത്യരെ അനുകരിക്കുകയും ചെയ്യുന്ന വർത്തമാനകാലത്ത് അന്യം നിന്നുപോകുന്ന ഇത്തരം തൊഴിൽ മേഖലകളെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അതിനാൽ തന്നെ സമകാലിക പശ്ചാത്തലത്തിൽ ഇത്തരം സാംസ്കാരിക പൈതൃകത്തെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ഉത്തരവാദിത്തമാണെന്ന് ഓർമപ്പെടുത്തുകയാണ് മലബാർ ക്രാഫ്റ്റ്സ് മേള. സന്ദർശകർക്ക് മൈതാനത്തിനകത്തു തന്നെ ഒരുക്കിയ

സെൽഫി പോയിന്റ് മറ്റൊരു നവ്യാനുഭവം കൂടി നൽകുന്നതായിരുന്നു.

15 നാൾ നീണ്ടു നിന്ന മഹാമേളയ്ക്ക് വിദേശികൾ ഉൾപെടെയുള്ള സന്ദർശകരിൽ നിന്ന് മികച്ച പ്രതികരണം ഉണ്ടാവുകയും, രാജ്യത്തിന്റെ ബഹുസ്വരതപോലെ കലയുടെയും കരകൗശല വൈദഗ്ധ്യത്തിന്റെയും ബഹുസ്വരതയുടെ സംഗമമാകുകയുമായിരുന്നു. പാലക്കാട് നടന്ന മലബാർ ക്രാഫ്റ്റ്സ് മേളയ്ക്ക് നാന്ദി കുറിക്കാനായി എത്തിയത് കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക സദസ്സായിരുന്നു. ജനുവരി 29-ന് വൈകുന്നേരം പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന സമാപന സമ്മേളനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ. റ്റി. ജലീൽ ഉദ്ഘാടനം ചെയ്തു. വി. എസ്. അച്ചുതാനന്ദൻ മുഖ്യാതിഥിയായ ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി എ. കെ. ബാലൻ, വ്യവസായ വകുപ്പുമന്ത്രി എ. സി. മൊയ്തീൻ എന്നിവർ പങ്കെടുത്തു. ശ്രീലങ്കൻ ഡെപ്യൂട്ടി ഹൈകമ്മീഷണർ വി. കൃഷ്ണമൂർത്തിയായിരുന്നു മുഖ്യപ്രഭാഷകൻ. എം. പി. മാർ, എം. എൽ. എ മാർ മറ്റ് രാഷ്ട്രീയ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സമാപന ചടങ്ങിൽ സന്നിഹിതരായിരുന്നു. ഏറ്റവും കൂടുതൽ ജനശ്രദ്ധ ആകർഷിച്ച കേരളത്തിന് പുറത്തു നിന്നുള്ള സ്റ്റാളായി സത്വവാൻ. എസ്. വർമയുടെ ഗുജറാത്തിൽ നിന്നുള്ള പരമ്പരാഗത ഉല്പന്നങ്ങൾ കൊണ്ട് നിർമിച്ച ബാഗുകളുടെ സ്റ്റാൾ തെരഞ്ഞെടുക്കപ്പെട്ടു. ഇടുക്കിയിൽ നിന്നുള്ള സജീവ്. ഇ. ആർ- ന്റെ മരത്തിൽ കരവിരുത് തീർത്ത സ്റ്റാൾ കേരളത്തിൽ നിന്നുള്ള മികച്ച സ്റ്റാളായി തെരഞ്ഞെടുത്തു. ഭക്ഷ്യമേളയിൽ നിന്നും കുടുംബശ്രീയുടെ മീൻ വിഭവങ്ങൾ മികച്ചവയായും തെരഞ്ഞെടുക്കപ്പെട്ടു. മേളയിൽ ഏറ്റവുമധികം ജനശ്രദ്ധ നേടിയ സ്റ്റാളുകളെ തെരഞ്ഞെടുക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

കരകൗശല വൈദഗ്ധ്യത്തിന്റെ വസന്തോത്സവമായാണ് പാലക്കാട്ടുകാർ മലബാർ ക്രാഫ്റ്റ്സ് മേളയെ വരവേറ്റത്. നെല്ലറയുടെ നാട്ടിൽ കന്മദമൂറുന്ന കരിമ്പാറ കൂട്ടങ്ങളിൽ കലയുടെയും, കരകൗശല മികവിന്റെയും, കൊതിയൂറുന്ന വിഭവങ്ങളുടെയും മഹാമേളയെ വൻവിജയമാക്കുന്നതിന് പിന്നിൽ നേതൃത്വം




നൽകിയ മലബാർ ക്രാഫ്റ്റ്സ് മേള 2018- ന്റെ ജനറൽ കൺവീനറും പാലക്കാട് ജില്ലാ കളക്ടറുമായ ഡോ. പി. സുരേഷ് ബാബു ഐ. എ. എസ്, കൺവീനറും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുമായ രാജ് മോഹൻ. ജി, ജില്ലാ വ്യവസായകേന്ദ്രത്തിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ എന്നിവരുടെ എല്ലാം പൂർണമായ പിന്തുണയുടെയും മികച്ച പ്രവർത്തനത്തിന്റെയും അനന്തരഫലമായിട്ടാണ് മലബാർ ക്രാഫ്റ്റ്സ് മേള- 2018 അന്താരാഷ്ട്രതലത്തിൽ ജനശ്രദ്ധ പിടിച്ചു പറ്റിയത്.

**പാലക്കാട് ജില്ലാ വ്യവസായകേന്ദ്രം ഉപജില്ലാ വ്യവസായ ഓഫീസറാണ് ലേഖകൻ**

# കാസർകോട് താലൂക്കിൽ നിക്ഷേപകസംഗമം



കാസർകോട് താലൂക്കിലെ നിക്ഷേപകസംഗമം വിദ്യാനഗറിലെ ചെറുകിട അസോസിയേഷൻ ഹാളിൽ വച്ച് ജില്ലാ പഞ്ചായത്ത് മെമ്പർ മുംതാസ് സമീറയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഹർഷദ് വർക്കൊടി ഉദ്ഘാടനം ചെയ്തു. ജനറൽ മാനേജർ എം. പി. അബ്ദുൾ റഷീദ് മുഖ്യപ്രഭാഷണം നടത്തി. വിവിധ വകുപ്പുകളിലെ പ്രഗത്ഭർ പങ്കെടുത്ത സംഗമത്തിൽ അറുപതോളം നിക്ഷേപകരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.



# കയർ ഭൂവസ്ത്രവിതാനം- സംസ്ഥാനതല ഉദ്ഘാടനം



കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന രൂക്ഷമായ വരൾച്ചയെ നേരിടുവാൻ നമ്മുടെ കുളങ്ങളും തോടുകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി സംരക്ഷിച്ച് പ്രശ്നപരിഹാരം കണ്ടെത്തുവാനാകും. ആലപ്പുഴയിൽ നടന്ന കയർ കേരള 2017 ൽ കയർ വികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പും എം. ജി. എൻ. ആർ. ഇ. ജി. എ മിഷനുമായി സംസ്ഥാനതലത്തിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിരുന്നു. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം വടക്കേക്കര പഞ്ചായത്തിലെ മൂത്തകുന്നം ബാങ്ക് ഓഫ് ഇന്ത്യ മൈതാനത്ത് വച്ച് മൂത്തകുന്നം-കുര്യാപ്പിള്ളി അപ്രോച്ച് റോഡ് മുതൽ ലേബർ ജംഗ്ഷൻ വരെയുള്ള എൻ. എച്ച്-17 ന്റെ ഇരു വശങ്ങളിലും കയർ ഭൂവസ്ത്രവിതാനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ധനകാര്യ-കയർ വികസന വകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് യോഗത്തിൽ അധ്യക്ഷനായിരുന്നു. കയർ മേഖലയിലെ ആധുനികവത്കരണത്തിന്റെ ഭാഗമായി സംഘങ്ങൾക്ക് കയർ യന്ത്രസാമഗ്രികളുടെ വിതരണവും ചടങ്ങിൽ വച്ച് ധനകാര്യ-കയർ വികസന വകുപ്പ് മന്ത്രി നിർവഹിച്ചു. വൈപ്പിൻ എം. എൽ. എ എസ്. ശർമ, വടക്കൻ പറവൂർ എം. എൽ. എ. അഡ്വ. വി.ഡി. സതീശൻ, കയർ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മിനി ആന്റണി ഐ. എ. എസ്, ഡയറക്ടർ എൻ. പത്മകുമാർ ഐ. എ. എസ്, പറവൂർ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യേശുദാസ് പാപ്പിള്ളി, വടക്കേക്കര പഞ്ചായത്ത് പ്രസിഡന്റ് കെ. എം. അംബ്രോസ്, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ജി. തിലകൻ, കയർ പ്രോജക്ട് ഓഫീസർ കെ. എം. ഇന്ദിര എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# കരകൗശല വിദഗ്ധർക്കുള്ള സ്മാർട്ട് കാർഡ് വിതരണം




ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ കരകൗശല വിദഗ്ധർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള സ്കിൽ ടെസ്റ്റ് നടത്തി. ജില്ലയിലെ നാല് താലൂക്കുകളിൽ നിന്നായി 100–ൽ പരം കരകൗശല വിദഗ്ധർ പങ്കെടുത്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഡവലപ്മെന്റ് കമ്മീഷണറേറ്റ് ഓഫ് ഹാന്റിക്രാഫ്റ്റിലെ ഇൻസ്ട്രക്റ്റർ സി. ബാലകൃഷ്ണൻ, ജില്ലാ വ്യവസായകേന്ദ്രം മാനേജർ രഞ്ജിത് ബാബു എന്നിവർ പങ്കെടുത്തു.

# ഈസ് ഓഫ് ഡൂയിങ് ബിസിനസ് ഏകദിന ശില്പശാല





കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 ന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിങ് ബിസിനസിനെ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ജില്ലാതല- ഫീൽഡ്തല ഉദ്യോഗസ്ഥർക്കായുള്ള ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഇടുക്കി ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം ജില്ലാ കളക്ടർ ജി. ആർ. ഗോകുൽ ഐ. എ. എസ്. നിർവഹിച്ചു. വ്യവസായകേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

# ഭക്ഷ്യസംസ്കരണ മേഖലയിലെ ശില്പശാല




ഇടുക്കി ജില്ലാ വ്യവസായകേന്ദ്രം സംഘടിപ്പിച്ച ഭക്ഷ്യ സംസ്കരണ മേഖലയിലെ ശില്പശാല ഹൈറേഞ്ച് ഫുഡ് മാളിൽ നടന്നു. രണ്ടു ദിവസം നീണ്ടു നിന്ന ശില്പശാലയുടെ ഉദ്ഘാടനം തൊടുപുഴ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സഫിയ ജബ്ബാർ നിർവഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ജയകൃഷ്ണൻ, തൊടുപുഴ താലൂക്ക് വ്യവസായ ഓഫീസർ രഞ്ചു മാണി എന്നിവർ പങ്കെടുത്തു.


100% PU
FOOTWEAR
IBRAHIM HAJI & SONS
G-MAX
WALK WITH STYLE
DELI, SA-ADABAD, KASARAGOD, KERALA 671317
Ph: 04994 237 050 Mob: 9747188228


A Group of Amaravathi
Since : 1993
FLOW WELL PIPES
WHERE PLUMBING MEETS QUALITY
Chennamangalam - Chorode - Vatakara
✆ 0496 2513314, 0460 222 63 63
email : flowellpipes@gmail.com, peeceepolymers16@gmail.com
100% RELIABILITY
അവശ്യം വ്യാവസായികമായാലും, ഗാർഹികമായാലും കാർഷികമായാലും ഉപയോഗിക്കൂ....
ഫ്ളോവെൽ പി.വി.സി വാട്ടർ പൈപ്പുകൾ

# കൃഷി അധിഷ്ഠിത വ്യവസായം: സാങ്കേതിക ശില്പശാല



കോട്ടയം ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കൃഷി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ: സാധ്യതകളും നൂതന സാങ്കേതിക വിദ്യകളും** എന്ന വിഷയത്തിൽ ജനുവരി 16, 17 തീയതികളിൽ സാങ്കേതിക ശില്പശാല സംഘടിപ്പിച്ചു. കിഴങ്ങ് വിള അടിസ്ഥാനമാക്കിയുള്ള ഉത്പന്ന നിർമാണത്തിന് ലഭ്യമായ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് കിഴങ്ങുവിള ഗവേഷണകേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം. എസ്. സജീവ് സംസാരിച്ചു. ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്ന നിർമാണ സാധ്യതകളെക്കുറിച്ച് സംരംഭകയായ ആൻസി മാത്യു ക്ലാസെടുത്തു. പ്രസ്തുത മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറെടുക്കുന്ന 55 പേർ പങ്കെടുത്തു. 16-ന് രാവിലെ നഗരസഭ കൗൺസിലർ ശൈലജ ദിലീപ് കുമാറിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. കോട്ടയം നഗരസഭ ചെയർപേഴ്സൺ ഡോ. പി. ആർ. സോന ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ജി. രാജീവ്, മാനേജർ വി. കെ. ജോസഫ്, അസി. ഡയറക്ടർ സാഹിൽ മുഹമ്മദ് എന്നിവർ പങ്കെടുത്തു. രണ്ടാം ദിവസം സി. റ്റി. സി. ആർ. ഐ. (സെന്റർ റ്റ്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ലുള്ള ഇൻകുബേഷൻ സെന്റർ സന്ദർശിച്ച് പ്രായോഗിക പരിശീലനവും നേടി.





# വൈക്കം താലൂക്കിൽ വിവിധ പരിപാടികൾ



**വ്യവസായ സെമിനാറും നിക്ഷേപക സംഗമവും**

വൈക്കം താലൂക്കിലെ നിക്ഷേപക സംഗമവും സെമിനാറും നഗരസഭാ ചെയർപേഴ്സൺ ഇന്ദിരാദേവി ഉദ്ഘാടനം ചെയ്തു. വൈക്കം സീതാറാം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ വി. കെ. ജോസഫ് അധ്യക്ഷത വഹിച്ചു. ധനകാര്യ നിക്ഷേപക സംഗമവും വിവിധ വിഷയങ്ങളിലുള്ള ക്ലാസും പരിപാടിയുടെ ഭാഗമായി ഉൾപെടുത്തിയിരുന്നു.

**കൈത്തറി സെമിനാറും ഫാഷൻ ഷോയും**

2018 ജനുവരി മാസം കീഴൂർ ദേവസ്വം ബോർഡ് കോളേജിൽ സംഘടിപ്പിച്ച കൈത്തറി സെമിനാറും ഫാഷൻ ഷോയിലുമായി ഇരുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാർ എ. ജെ. സൈറസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസർ സതീഷ്. റ്റി. പോറ്റി അധ്യക്ഷത വഹിച്ചു.



# തലപ്പള്ളി താലൂക്കിൽ നിക്ഷേപക സംഗമം

തൃശൂർ തലപ്പള്ളി താലൂക്കിലെ നിക്ഷേപക സംഗമം കുന്നംകുളം നഗരസഭാ വൈസ് ചെയർമാൻ പി. എം. സുരേഷിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡോ. കെ. എസ്. കൃപകുമാർ, ചെറുകിട വ്യവസായ അസോസിയേഷൻ തൃശൂർ ജില്ലാ പ്രസിഡന്റ് ഫിലിപ്. എ. മുളയ്ക്കൽ, കുന്നംകുളം ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് സാക്സൺ, ജില്ലാ വ്യവസായകേന്ദ്രം മാനേജർ ടി. ടി. ലോഹിതാക്ഷൻ, തലപ്പള്ളി ഉപജില്ലാ വ്യവസായ ഓഫീസർ കെ. ജി. വിശ്വംഭരൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ജി. എസ്. ടി. എന്ത്? എങ്ങനെ? വ്യവസായ വകുപ്പിന്റെ സേവനങ്ങളും പദ്ധതികളും, വ്യവസായ സംരംഭങ്ങൾക്ക് ബാങ്ക് നൽകുന്ന സേവനങ്ങളും സ്കീമുകളും, വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികൾ, ലൈസൻസുകൾ എന്നീ വിഷയങ്ങളിൽ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ ക്ലാസുകൾ നയിച്ചു. തുടർന്ന് സംരംഭകരുടെ ചർച്ചയും സംഘടിപ്പിച്ചിരുന്നു. 104 പേർ പങ്കെടുത്ത സംഗമത്തിൽ നിന്ന് വിവിധ മേഖലകളിൽ നിക്ഷേപം നടത്താൻ സന്നദ്ധരായ 70 ഓളം സംരംഭകരെ കണ്ടെത്താൻ കഴിഞ്ഞു. ഏകദേശം 9 കോടിയോളം രൂപയുടെ നിക്ഷേപവും 200 തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കാണ് സംഗമം സാക്ഷിയായത്.

